| 80 | 21 | 1021 | വേണാപ്പാടത്ത് ഹോമിയോ ക്ലിനിക് മൂവാറ്റുപുഴ | 26-09-2024 | 25-09-2029 |
| 81 | 21 | 1035,1036 | പാറപ്പുറംസ് സ്മൈൽ ഡെന്റൽ ക്ലിനിക് എം.സി റോഡ്, മൂവാറ്റുപുഴ | 10-05-2024 | 09-05-2029 |
| 82 | 21 | 1079 | 3B ഹോളിസ്റ്റർ, നിയർ ഗ്രാൻഡ് സെന്റർ മാൾ, മൂവാറ്റുപുഴ | 01-08-2024 | 31-07-2025 |
| 83 | 21 | 1084 | പെരുവെലിൽ ഇൻവെസ്റ്റ്മെന്റ്, അരമന ജംഗ്ഷൻ, മൂവാറ്റുപുഴ | 06-09-2024 | 05-09-2029 |
| 84 | 21 | 1087/A2 | ഡാൻ ആൻഡ് ജോബ്, മൂവാറ്റുപുഴ | 25-06-2024 | 24-06-2027 |
| 85 | 21 | 1088/F6, 1088/F8 | ജി.സി.എം സിനിമാസ്, മൂവാറ്റുപുഴ | 19-04-2024 | 18-04-2025 |
| 86 | 21 | 213/B4 | ഹോൾഡ് ഇറ്റ് ഡാസിൽസ്, മൂവാറ്റുപുഴ | 23-11-2024 | 22-11-2025 |
| 87 | 21 | 213/G10 | യൂണി ബോർഡ് പ്ലൈവുഡ്സ്, കച്ചേരിത്താഴം | 25-06-2024 | 24-06-2025 |
| 88 | 21 | 245,246,247 | പരാഗ് ഫാഷൻ, മൂവാറ്റുപുഴ | 15-07-2024 | 14-07-2025 |
| 89 | 21 | 263 | നൈക ഗോൾഡ് ആൻഡ് സിൽവർ പാലസ്, മൂവാറ്റുപുഴ | 14-06-2024 | 13-06-2029 |
| 90 | 21 | 342 | ന്യൂറോ കെയർ ന്യൂറോളജി ക്ലിനിക്, മൂവാറ്റുപുഴ | 02-03-2024 | 01-03-2025 |
| 91 | 21 | 376 | ധനലക്ഷ്മി എന്റർപ്രൈസസ് | 01-11-2024 | 31-10-2025 |

| | | | | | |
|---|---|---|---|---|---|
| 92 | 21 | 381 | ബി വെൽ വെൽനസ് ആൻഡ് ന്യൂട്രീഷൻ സെന്റർ, SNDP ജംഗ്ഷൻ, മൂവാറ്റുപുഴ | 27-08-2024 | 26-08-2026 |
| 93 | 21 | 432 | ANZ സ്റ്റഡി എബ്രോഡ്, മൂവാറ്റുപുഴ | 22-06-2024 | 21-06-2029 |
| 94 | 21 | 502 | ഹെവൻലി കോട്ടൺസ്, എസ്.എൻ റോഡ് | 20-09-2024 | 19-09-2025 |
| 95 | 21 | 870 | അന്ന പ്ലാസ്റ്റിക്സ്, മൂവാറ്റുപുഴ | 19-07-2024 | 18-07-2027 |
| 96 | 21 | 946 | ഇവാൻസ് ബേക്കറി, എം.സി റോഡ്, മൂവാറ്റുപുഴ | 25-06-2024 | 24-06-2025 |
| 97 | 22 | 817 | രേവതി ഗോൾഡ് ആൻഡ് ഡയമണ്ട്സ്, മൂവാറ്റുപുഴ | 20-02-2024 | 19-02-2025 |
| 98 | 22 | 624 | കേരലാന്റ് വെഞ്ചേഴ്സ്, ടി.ബി ജംഗ്ഷൻ, മൂവാറ്റുപുഴ | 02-09-2024 | 29-07-2025 |
| 99 | 22 | 648 | കാഫ്റ്റ് (KAFT) യൂണിസെക്സ് സലൂൺ, SNDP ജംഗ്ഷൻ | 09-05-2024 | 08-05-2025 |
| 100 | 22 | 712 | സെലക്ഷൻ ഫുട്ട് വെയർ, കച്ചേരിത്താഴം | 27-05-2024 | 29-10-2025 |
| 101 | 22 | 733 | ഒല ഇലക്ട്രിക് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്, മൂവാറ്റുപുഴ | 24-05-2024 | 23-05-2025 |
| 102 | 22 | 785 | നാറുനീണ്ടി ഷോപ്പ്, മൂവാറ്റുപുഴ | 04-10-2024 | 03-10-2025 |
| 103 | 22 | 887 | മെഫക്സ് ടെക്നോളജീസ്, മൂവാറ്റുപുഴ | 09-11-2024 | 08-11-2029 |
| 104 | 23 | 6 | സ്റ്റാർ സ്റ്റൈൽ, വെള്ളൂർക്കുന്നം | 22-04-2024 | 21-04-2025 |
| 105 | 24 | 142 | ഗ്രേസ് ചിപ്സ്, കടത്തി ഈസ്റ്റ്, മൂവാറ്റുപുഴ | 09-10-2024 | 08-10-2025 |
| 106 | 24 | 72/B | കൊച്ചപ്പായീസ് കിച്ചൺ, മൂവാറ്റുപുഴ | 29-11-2024 | 28-11-2025 |
| 107 | 26 | 78,78 | ഏഷ്യൻ ട്രേഡിംഗ് കോർപ്പറേഷൻ | 23-05-2024 | 22-05-2025 |
| 108 | 26 | 178/B | സമുദ്ര ഡെയ്‌ലി ഫിഷ്, മൂവാറ്റുപുഴ | 26-07-2024 | 25-07-2027 |
| 109 | 26 | 169 | ജോഡ എന്റർപ്രൈസസ്, മൂവാറ്റുപുഴ | 26-07-2024 | 25-07-2025 |
| 110 | 26 | 693/ D(4),693/ D(5),693/ D(6),693/ D(7),693/ D(8),693/ D(9) | ആൽഫ പെയിന്റ്സ്, ഈസ്റ്റ് കടത്തി | 02-08-2024 | 01-08-2027 |
| 111 | 26 | 76/J | എലൈറ്റ് ഡെന്റൽ അവന്യൂ, കരിമണ്ണൂർ | 31-08-2024 | 30-08-2025 |
| 112 | 26 | 194/A | മെക്കോ (MEKKO), വാഴപ്പിള്ളി | 01-11-2024 | 31-10-2027 |
| 113 | 26 | 349,350 | അൽ ഫൗസാൻ കുഴിമന്തി ഹോട്ടൽ, വാഴപ്പിള്ളി | 03-12-2024 | 02-12-2025 |
| 114 | 27 | 3 | മണവാളൻ, വാഴപ്പിള്ളി | 24-04-2024 | 23-04-2025 |
| 115 | 27 | 34 | ഇന്റൽ ഗ്രാഫിക്സ്, വാഴപ്പിള്ളി | 14-10-2024 | 13-10-2025 |
| 116 | 27 | 302/A(4) | ഫാർമേഴ്സ് കാർഗോ എക്സ്പോർട്ടേഴ്സ്, വാഴപ്പിള്ളി | 09-12-2024 | 08-12-2025 |
| 117 | 28 | 215 | പി.എം.കെ ഫ്രഷ് ഫിഷ് സെയിൽ, പുളിൻചുവട് | 15-07-2024 | 14-07-2025 |
| 118 | 28 | 219 | അമീസ് സോപ്പ് ഓയിൽ, പുളിൻചുവട് | 024 | 07-10-2025 |

പ്രസ്തുത സ്ഥാപനങ്ങൾ 2024-25 വർഷം സ്ഥാപന തൊഴിൽനികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നം 1/ 14.01.2026 ന്

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും എത്രയും വേഗം തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-13 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി ആക്ട് 1994, സെക്ഷൻ 254(1) പ്രകാരം സെക്രട്ടറി ഓരോ അർദ്ധ വർഷവും മെയ് മാസത്തിലും നവംബർ മാസത്തിലും, നോട്ടീസ് മൂലം ഏതൊരു കാര്യാലയമേധാവിയോടും തൊഴിൽ ഉടമയോടും തന്റെ സ്ഥാപനത്തിലെ തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരുടേയും നികുതി തിട്ടപ്പെടുത്തുന്നതിനും സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഓരോ ഉദ്യോഗസ്ഥരോടും പ്രസ്തുത നോട്ടീസിലെ പട്ടികയ്ക്കനുസൃതമായി അടക്കേണ്ടതായ തൊഴിൽ നികുതി അടക്കുവാനും ആവശ്യപ്പെടേണ്ടതാണ്. 2024-25 വർഷത്തെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ഓരോ സ്ഥാപനത്തിലെയും ജീവനക്കാരുടെ എണ്ണം അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് എടുത്തിട്ടുള്ള പല സ്ഥാപനങ്ങളും 2024-25 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| നം | കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|---|
| 1 | 9/885 | ബിസ്മി ടെക്സ്റ്റൈൽസ് | 5 |
| 2 | 10/145D | ശ്രീലക്ഷ്മി ഭവൻ വെജിറ്റേറിയൻ റസ്റ്റോറന്റ് | 12 |
| 3 | 14/145 | KFC റസ്റ്റോറന്റ്, കിഴക്കേക്കര, തൊടുപുഴ റോഡ് | 7 |
| 4 | 18/294, 295 | ഐസക്ക് & മരിയ തീയറ്റർ | 8 |

ഇത്തരത്തിൽ നിരവധി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു. നഗരസഭ പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനായി നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാനും നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന് വിശദീകരണം ലഭ്യമാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 22/20.01.2026) നൽകിയിരുന്നു. പ്രസ്തുത സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്തതാണെന്നും 2024-25 സാമ്പത്തിക വർഷത്തിൽ ഈ സ്ഥാപനങ്ങളെ ലിസ്റ്റിൽ ഉൾപ്പെടുത്തി നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും പ്രസ്തുത സ്ഥാപനങ്ങൾക്കും നഗരസഭയിൽ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്ത മറ്റ് സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി ഫൈൻ സഹിതം തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

27.06.2024 ലെ സ.ഉ.(സാ.ധാ) നം 1149/2024/LSGD ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും തൊഴിൽ നികുതി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം പുതുക്കിയ തൊഴിൽ നികുതി സ്ലാബുകൾ 2024-25 രണ്ടാം അർദ്ധവർഷം മുതൽ പ്രാബല്യം ഉള്ളതാണ്. എന്നാൽ ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2024-25 രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയിട്ടില്ല. ഇതുമൂലം വരവിനത്തിൽ 26170/- രൂപയുടെ നഷ്ടം നഗരസഭയ്ക്ക് ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

## 1-15 ഓഡിറ്റ് ഇംപാക്റ്റ് - ലൈസൻസ് അപ്രൂവലിനുശേഷവും അടവാക്കാതെ അവശേഷിച്ച ലൈസൻസ് ഫീസ് 41000/- രൂപ അടവാക്കി

കെ സ്മാർട്ടിൽ നിന്നും ലഭിച്ച 2024-25 വർഷത്തെ ആക്റ്റീവ് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ ഉൾപ്പടെ ഏതാനും സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് അടവാക്കിയതിന്റെ രസീത് വിവരങ്ങൾ ലഭ്യമല്ലായിരുന്നു. ഈ സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് അടവാക്കിയിട്ടുണ്ടോ എന്നത് പരിശോധിച്ച് ആയതിന്റെ വിവരം അറിയിക്കേണ്ടതാണെന്നും ലൈസൻസ് ഫീസ് ലഭ്യമായിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കേണ്ടതുമാണെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 13/17.01.2026 ന് ലഭ്യമാക്കിയ മറുപടിയിൽ, ഓഡിറ്റ് എൻക്വയറിയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ 3

സ്ഥാപനങ്ങൾ ഒഴികെ എല്ലാ സ്ഥാപനങ്ങളുടെയും ലൈസൻസ് ഫീസ്(ആകെ 41000/-രൂപ) അടവാക്കിയതായി അറിയിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം | കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | മൂലധന നിക്ഷേപം | ലൈസൻസ് കാലയളവ് | | ലൈസൻസ് ഫീസ് ഡിമാന്റ് | ലൈസൻസ് ഫീസ് അടവാക്കിയ രസീത് നം/ തീയതി |
|---|---|---|---|---|---|---|---|---|
| 1 | 9 | 592 | കൊച്ചിൻ ബാറ്ററി ഹൗസ് | 300000 | 01-04-2024 | 31-03-2029 | 2500 | |
| 2 | 22 | 238 | ഫോക്സ്ലൈൻ മീഡിയ | 1200000 | 01-04-2024 | 31-03-2026 | 2000 | R-M070500-25016269/ തീയതി. 22.01.2026 |
| 3 | 22 | 8 | തെർമോ കൂൾ | 500000 | 01-04-2024 | 31-03-2026 | 1000 | R-M070500-25016156/ തീയതി. 21.01.2026 |
| 4 | 14 | 411 | ടി.കെ ഇൻഡസ്ട്രീസ് | 1200000 | 01-04-2024 | 31-03-2029 | 5000 | R-M070500-25016143/ തീയതി. 21.01.2026 |
| 5 | 23 | 284 | യൂണിവേഴ്സൽ അക്വാ യൂണിടെക്ക് സൊല്യൂഷൻസ് | 1500000 | 01-04-2024 | 31-03-2026 | 2000 | R-M070500-25016145/ തീയതി. 21.01.2026 |
| 6 | 10 | 142/K | അൽ ഫത്ത ബസ്മതി ബസാർ | 1200000 | 01-04-2024 | 31-03-2026 | 2000 | R-M070500-25016337/ Dtd 23.01.2026 |
| 7 | 23 | 162 | ഊരഞ്ചേരിയിൽ മെഡിക്കൽസ് | 1100000 | 01-04-2024 | 31-03-2027 | 3000 | R-M070500-25016332/ തീയതി. 23.01.2026 |
| 8 | 21 | 1076 | കൽപക മെഡിക്കൽസ് | 1200000 | 01-04-2024 | 31-03-2029 | 5000 | R-M070500-25016121/ തീയതി. 21.01.2026 |
| 9 | 5 | 282 | ക്വർക്കി ടെക്കി | 50000 | 01-04-2024 | 31-03-2029 | 2500 | R-M070500-25016334/ തീയതി. 23.01.2026 |
| 10 | 23 | 398,398/A | അസോസിയേറ്റഡ് ക്ലോത്തിംഗ്സ് | 2500000 | 01-04-2024 | 31-03-2026 | 2000 | R-M070500-25016330/ തീയതി. 23.01.2026 |
| 11 | 2 | 462 | ഓട്ടോ സ്പെയെഴ്സ് | 100000 | 01-04-2024 | 31-03-2029 | 2500 | R-M070500-25016345/ തീയതി. 23.01.2026 |
| 12 | 21 | 1141 | ദി ആര്യ വൈദ്യ ഫാർമസി CBE ലിമിറ്റഡ് | 1000000 | 01-04-2024 | 31-03-2029 | 2500 | R-M070500-25016125/ തീയതി. 21.01.2026 |
| 13 | 27 | 126/B | ഫ്രീസ് കിംഗ് | 300000 | 01-04-2024 | 31-03-2026 | 1000 | R-M070500-25016241 |
| 14 | 9 | 985 | മിലാഷ് ഡ്രസ് മേക്കേഴ്സ് | 200000 | 01-04-2024 | 31-03-2027 | 1500 | R-M070500-25016334/ തീയതി. 23.01.2026 |
| 15 | 22 | 623,626 | ലൂയിസ് ഫിലിപ്പ് ഷോറൂം | 100000 | 01-04-2024 | 31-03-2026 | 1000 | R-M070500-25016267/ തീയതി. 22.01.2026 |
| 16 | 9 | 885 | ബിസ്മി ടെക്സ്റ്റൈൽസ് | 20000000 | 01-04-2024 | 31-03-2029 | 25000 | |
| 17 | 14 | 177 | കെ.എം.പി ടിംബേഴ്സ് & സോ | 2600000 | 01-04-2024 | 31-03-2026 | 2000 | R-M070500-25016150/ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | മിൽസ് | | | | | തീയതി. 21.01.2026 |
| 18 | 9 | 985/C1 | ഡോൺ ഫാഷൻ ടൈലറിംഗ് | 800000 | 01-04-2024 | 31-03-2026 | 1000 | |
| 19 | 16 | 327, 328, 329, 330/B4 | ക്യൂ ആർട്ട് പ്രിന്റ് ഡിജിറ്റൽ ഓഫ്സെറ്റ് പ്രസ് | 1200000 | 31-03-2025 | 30-03-2026 | 1000 | R-M070500-25016335/ Dtd 23.01.2026 |
| 20 | 7 | 644/A1 | നീതി മെഡിക്കൽ സ്റ്റോർ | 2500000 | 01-04-2025 | 31-03-2030 | 5000 | R-M070500-25016138/ Dtd 21.01.2026 |

ലൈസൻസ് ഫീസ് ഈടാക്കാതെ സ്ഥാപനങ്ങൾക്ക് ലൈസൻസ് സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത് നഗരസഭയുടെ ഭാഗത്തുനിന്നുള്ള വീഴ്ച്ചയാണ്. 2024-25 വർഷത്തെ ലൈസൻസ് ഫയലുകൾ പരിശോധിച്ച് മുകളിൽ ചേർത്തിരിക്കുന്ന 3 സ്ഥാപനങ്ങൾ ഉൾപ്പടെ ലൈസൻസ് ഫീസ് അടവാക്കാത്ത എല്ലാ സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-16 സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ - അപാകതകൾ

സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും 2024-25 വർഷത്തെ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ, കെ സ്മാർട്ടിൽ നിന്നും ലഭിച്ച ബന്ധപ്പെട്ട ലഡ്ജർ എന്നിവ പരിശോധിച്ചതിൽ പ്രസ്തുത കാലയളവിൽ ലൈസൻസ് എടുത്തിട്ടുള്ള ഏതാനം സ്ഥാപനങ്ങൾ 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല എന്ന് കാണപ്പെട്ടു. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ അറിയിച്ചുകൊണ്ട് ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് സഹിതം നൽകിയ എൻക്വയറി നം 15 ന് ലഭ്യമാക്കിയ മറുപടിയിൽ, ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളുടെ ഒഴികെ മുഴുവൻ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ഫീസ് അടവാക്കിയതായി അറിയിച്ചിട്ടുണ്ട്.

| നം | വാർഡ് നം | കെട്ടിട നം | സ്ഥാപനത്തിന്റെ വിവരങ്ങൾ (ലൈസൻസ് രജിസ്റ്റർ പ്രകാരം) |
|---|---|---|---|
| 1 | 14 | 493/C | പനക്കൽ സ്മൈൽ കെയർ ഡെന്റൽ ക്ലിനിക്, മൂവാറ്റുപുഴ, 686661 |
| 2 | 17 | 298 | ദ ഡെന്റൽ ഹൊറൈസൺ, എം.സി റോഡ്, 130 ജംഗ്ഷൻ, മൂവാറ്റുപുഴ, 686661 |
| 3 | 17 | 320 | ഡെന്റ് കെയർ ഡെന്റൽ ക്ലിനിക്, എൻ.എ.എസ് റോഡ്, മൂവാറ്റുപുഴ,, KSRTC സ്റ്റാൻഡിന് സമീപം, 686661 |
| 4 | 18 | 265 | എ & ജെ ഡയഗ്നോസ്റ്റിക് സെന്റർ, ഗവൺമെന്റ് ആശുപത്രിക്ക് എതിർവശം, മോഡൽ ഹൈസ്കൂൾ, മൂവാറ്റുപുഴ, 686661 |
| 5 | 18 | 133/B5 | എംപയർ ഓർത്തോഡോണ്ടിക്സ് ഡെന്റൽ ക്ലിനിക്, 130 ജംഗ്ഷൻ, മൂവാറ്റുപുഴ, 686661 |
| 6 | 18 | 316/A | VIEHUB, മോഡൽ ഹൈസ്കൂൾ, മൂവാറ്റുപുഴ പി ഒ, 686661 |
| 7 | 2 | 408 | വൈറ്റൽ കെയർ ഹോമിയോ ക്ലിനിക്, വാഴപ്പിള്ളി, മുടവൂർ, മൂവാറ്റുപുഴ, 686669 |
| 8 | 2 | 405 | സെന്റ് മേരീസ് ഡെന്റൽ ക്ലിനിക്, വാഴപ്പിള്ളി, മൂവാറ്റുപുഴ, 686669 |
| 9 | 20 | | ആർഷ ആയുർവേദിക്, ടാഗോർ റോഡ്, മാറാടി യു.പി സ്കൂൾ, മൂവാറ്റുപുഴ, 686661 |
| 10 | 21 | 1132 | വള്ളക്കാലിൽ ഹോസ്പിറ്റൽ, വള്ളക്കാലി, മൂവാറ്റുപുഴ, 686661 |
| 11 | 21 | 172 | ശാന്തിഗിരി ആയുർവേദ വൈദ്യശാല, എം.സി റോഡ്, SNDP സ്കൂൾ, മൂവാറ്റുപുഴ, 686661 |
| 12 | 21 | 342 | ന്യൂറോ കെയർ ന്യൂറോളജി ക്ലിനിക്, എസ്.എൻ.ഡി.പി ജംഗ്ഷൻ, മൂവാറ്റുപുഴ, 686661 |

| | | | |
|---|---|---|---|
| 13 | 21 | 1088/B | ഡോ. പയസ് ഐ ക്ലിനിക് ആൻഡ് ഓപ്റ്റിക്കൽസ്, ഗ്രാൻഡ് സെന്റ്രൽ മാൾ, SNDP സ്കൂൾ, മൂവാറ്റുപുഴ, 686661 |
| 14 | 22 | 708 | ഡോ. ഒക്ലി മെഡിക്കെയർ, മുനിസിപ്പൽ ഓഫീസിന് സമീപം, മൂവാറ്റുപുഴ, 686661 |
| 15 | 23 | 246/A | ജെ.ജെ ഡെന്റൽ ക്ലിനിക്, വെള്ളൂർക്കുന്നം, മൂവാറ്റുപുഴ മാർക്കറ്റ്, 686673 |
| 16 | 6 | 164 | എടശ്ശേരിൽ ആയുർവേദ ക്ലിനിക്,കാവുംകര, കീച്ചേരിപ്പടി, മൂവാറ്റുപുഴ മാർക്കറ്റ്, 686673 |
| 17 | 6 | 160/A2 | ഡോ. ബീമ ക്ലിനിക് ഫോർ ചൈൽഡ് ഡെവലപ്മെന്റ്, മൂവാറ്റുപുഴ മാർക്കറ്റ്, 686673 |
| 18 | 6 | 157 | നൂറുൽ ഷിഫ ക്ലിനിക്, കീച്ചേരിപ്പടി, മൂവാറ്റുപുഴ മാർക്കറ്റ്, 686673 |
| 19 | 7 | 568 | ഐശ്വര്യ ഹോമിയോപ്പതിക് ക്ലിനിക്, എൻ.എസ്.എസ് റോഡ്, മൂവാറ്റുപുഴ മാർക്കറ്റ്, 686673 |
| 20 | 8 | 423/C,423/D,423/ E1,423/E3,423/E4 | സിഗ്മ മെഡിക്കൽ സെന്റർ & ഡയഗ്നോസ്റ്റിക്സ്, മൂവാറ്റുപുഴ, മാർക്കറ്റ് പി ഒ, 686661 |
| 21 | 8 | 521 | അമൃത ഹോമിയോപ്പതി ക്ലിനിക്, മാർക്കറ്റ് റോഡ്,തർബിയത്ത് സ്കൂൾ, മൂവാറ്റുപുഴ മാർക്കറ്റ്, 686673 |
| 22 | 9 | 978/A | നാഗാർജ്ജുന പെയ്ൻ ക്ലിനിക്, മാർക്കറ്റ് റോഡ്, മൂവാറ്റുപുഴ മാർക്കറ്റ്, 686673 |

മേൽ സ്ഥാപനങ്ങളുടെ ചട്ട പ്രകാരമുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ചെക്ക് മുഖേന വരവ് വന്ന തുകകൾ ബാങ്കിൽ ക്രഡിറ്റ് ആയതിന്റെ വിവരങ്ങൾ ലഭിച്ചിട്ടില്ല

മൂവാറ്റുപുഴ നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ട് ആയ SBI –അക്കൗണ്ട് നം- 57021214756 ന്റെ 01–04-2024 മുതൽ 31.03.2025 കാലയളവിലെ ബാങ്ക് സ്റ്റേറ്റ്മെന്റും 2024-25 വർഷത്തെ പ്രസ്തുത ബാങ്കുമായി ബന്ധപ്പെട്ട ചെക്ക് റിസീവ്ഡ് രജിസ്റ്ററും (കെ സ്മാർട്ടിൽ നിന്നും ലഭിച്ചത്) പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന തുകകൾ ബാങ്കിൽ ക്രഡിറ്റ് ആയതിന്റെ വിവരങ്ങൾ ലഭിച്ചില്ല.

| നം | ചെക്ക് നം | തീയതി | തുക |
|---|---|---|---|
| 1 | 407903 | 30-08-2024 | 363750 |
| 2 | 608987 | 27-02-2025 | 355000 |
| 3 | 108 | 31-03-2025 | 257305 |
| 4 | 116002 | 31-03-2025 | 89280 |
| 5 | 697028 | 31-03-2025 | 61000 |
| 6 | 101382 | 31-03-2025 | 50950 |
| 7 | 66175 | 03-03-2025 | 37995 |
| 8 | 339360 | 02-09-2024 | 28100 |
| 9 | 713778 | 30-08-2024 | 24200 |
| 10 | 686135 | 21-11-2024 | 21820 |
| 11 | 121653 | 28-08-2024 | 18430 |
| 12 | 298223 | 28-03-2025 | 13500 |
| 13 | 13100 | 20-08-2024 | 13100 |
| 14 | 428058 | 29-08-2024 | 12685 |
| 15 | 577793 | 25-02-2025 | 12500 |
| 16 | 12250 | 26-08-2024 | 12250 |
| 17 | 408483 | 22-08-2024 | 11250 |
| 18 | 918977 | 26-03-2024 | 9980 |
| 19 | 545696 | 29-03-2025 | 9286 |
| 20 | 545696 | 29-03-2025 | 7615 |

| | | | |
|---|---|---|---|
| 21 | 545696 | 29-03-2025 | 7411 |
| 22 | 580031 | 05-09-2024 | 6970 |
| 23 | 808945 | 01-04-2024 | 6348 |
| 24 | 545696 | 29-03-2025 | 6287 |
| 25 | 580025 | 05-04-2024 | 5808 |
| 26 | 65658 | 26-09-2024 | 5650 |
| 27 | 192981 | 13-02-2025 | 4250 |
| 28 | 10326 | 11-09-2024 | 4180 |
| 29 | 731138 | 20-03-2025 | 3500 |
| 30 | 1250 | 02-09-2024 | 1250 |
| 31 | 1250 | 11-09-2024 | 1250 |
| 32 | 121654 | 28-08-2024 | 1250 |
| 33 | 298222 | 28-03-2025 | 1250 |
| 34 | 408484 | 22-08-2024 | 1250 |
| 35 | 571183 | 24-07-2024 | 1250 |
| 36 | 577794 | 25-02-2025 | 1250 |
| 37 | 634318 | 06-02-2025 | 1250 |
| 38 | 918945 | 26-03-2024 | 1250 |
| 39 | 8209923 | 14-08-2024 | 1250 |
| 40 | 731157 | 20-03-2025 | 600 |
| ആകെ | | | 1473500 |

മേൽ തുകകൾ തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 52/27.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകകൾ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-18 സാക്ഷരതാ പ്രേരകിന്റെ ഓണറേറിയം സാക്ഷരത മിഷനിൽ നിന്നും തിരികെ ലഭ്യമായില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 31.07.2024-ലെ JD/ EKM/10586/2024-(B2)F6 നമ്പർ ഉത്തരവ് പ്രകാരം സാക്ഷരതാ പ്രേരക് തസ്തികയിലേക്ക് ജീവനക്കാരിയെ നിയമിച്ചിരുന്നു. 12.04.2024-ലെ സ.ഉ(സാധാ) നം.743/2024/ തസ്വഭവ ഉത്തരവിൽ ഓണറേറിയത്തിന്റെ 60% നഗരസഭ വഹിക്കേണ്ടതും ബാക്കി 40% ഓരോ 3 മാസം കൂടുമ്പോഴും സർക്കാർ/സാക്ഷരതാ മിഷൻ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 12.08.2024-ൽ ജോലിയിൽ പ്രവേശിച്ച പ്രേരക്-ന്റെ ഓണറേറിയം (പ്രതിമാസം 15000/- രൂപ) 100% നഗരസഭയുടെ തനത് ഫണ്ടിൽ നിന്നുമാണ് അനുവദിച്ചത്. 12.08.2024 മുതൽ 30.11.2025-വരെയുള്ള സാക്ഷരതാമിഷൻ വിഹിതം 94270/- രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ 31.12.2025-ൽ 1870291-2024 നമ്പർ കത്തിൽ നഗരസഭാ സെക്രട്ടറി ജില്ലാ സാക്ഷരതാ മിഷൻ കോ-ഓർഡിനേറ്ററോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ തുക സാക്ഷരതാ മിഷനിൽ നിന്ന് ലഭ്യമാക്കി തനത് ഫണ്ടിൽ വരവ് വച്ചിട്ടുണ്ടോയെന്ന് അറിയിക്കാനാവശ്യപ്പെട്ട് 24.01.2026-ൽ നൽകിയ 49-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. സർക്കാർ ഉത്തരവ് പ്രകാരം തിരികെ ലഭിക്കേണ്ട 94270/- രൂപ ലഭ്യമാക്കി തനത് ഫണ്ടിൽ വരവ് വച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-19 കോക്ലിയർ ഇംപ്ലാൻറ് മെയിന്റനൻസ്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0353/25, കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് |
| അടങ്കൽ | 50000/-വികസന ഫണ്ട് ജനറൽ |
| ചെലവ് | 50000/- |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ബിൽ നമ്പർ | 395/11.03.2025 |

2024-25 ൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള മേൽ പ്രോജക്ട് പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ പഞ്ചാബ് നാഷണൽ ബാങ്ക് അക്കൌണ്ടിലേക്ക് (A/C No. 3301005800000015) വികസന ഫണ്ടിൽ നിന്നും

50000/- രൂപ അനുവദിച്ചിട്ടുണ്ട്. മേൽ തുക നഗരസഭയിലെ ഗുണഭോക്താവായ ഹിനാമോൾ ഫൈസലിന് കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസിനു ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമല്ല. തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 23/20.1.2026 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ധനസഹായം ഗുണഭോക്താവിന് ലഭിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതും തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 50000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 പി.എം.എ.വൈ ഭവന നിർമ്മാണം- പൂർത്തീകരിച്ചില്ല

നഗരസഭ പരിധിക്ക് പുറത്ത് സ്ഥലം വാങ്ങിയിട്ടുള്ള നഗരസഭയുടെ പി.എം.എ.വൈ. – ലൈഫ് ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് താഴെ പറയുന്ന പ്രൊജക്റ്റുകൾ പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | S0267/25,<br>നഗരസഭ പരിധിക്ക് പുറത്ത് സ്ഥലം വാങ്ങിയിട്ടുള്ള നഗരസഭയുടെ ലൈഫ് ഗുണഭോക്താക്കൾക്കുള്ള ഭവനപദ്ധതി |
| അടങ്കൽ | 58,61,000/- വികസന ഫണ്ട് ജനറൽ |
| ചെലവ് | 58,60,000/- വികസന ഫണ്ട് ജനറൽ |
| നിർവ്വഹണോദ്യോഗസ്ഥ | പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| ബിൽ നമ്പർ/തീയതി | 1) 150/ 09/10/2024- 240000/-<br>2) 166/ 17/10/2024 –280000/-<br>3) 200/ 07/11/2024 –240000/-<br>4) 253/ 11/12/2024- 480000/-<br>5) 254/ 11/12/2024 - 260000/-<br>6) 315/ 28/01/2025 - 1120000/-<br>7) 184/ 25/10/2024 - 280000/-<br>8) 187/ 30/10/2024 - 80000/-<br>9)209/ 14/11/2024 - 640000/-<br>10) 216/ 20/11/2024 - 480000/-<br>11) 234/ 26/11/2024 - 100000/-<br>12) 252/ 11/12/2024 - 480000/-<br>13)408/ 15/03/2025 - 820000/-<br>14) 412/ 17/03/2025 - 100000/-<br>15) 485/ 22/03/2025 - 200000/-<br>16) 515/ 24/03/2025 – 60000/- |
| ആകെ | 58,60,000/- |

2) പട്ടികജാതി വിഭാഗം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | S0312/25,<br>പി.എം.എ.വൈ - നഗരസഭ പരിധിക്ക് പുറത്ത് സ്ഥലം വാങ്ങിയിട്ടുള്ള നഗരസഭയുടെ ലൈഫ് ഗുണഭോക്താക്കൾക്കുള്ള ഭവനപദ്ധതി – എസ്.സി |
| അടങ്കൽ | 22,45,000/-വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് | 8,40,000/-വികസന ഫണ്ട് (എസ്.സി.പി) |
| നിർവ്വഹണോദ്യോഗസ്ഥ | പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| ബിൽ നമ്പർ/തീയതി | 1) 187/ 30/10/2024 - 40000/-<br>2) 209/ 14/11/2024 - 40000/-<br>3) 216/ 20/11/2024 - 40000/-<br>4) 234/ 26/11/2024 - 100000/-<br>5) 252/ 11/12/2024 - 160000/-<br>6) 252/ 11/12/2024 - 160000/-<br>8) 412/ 17/03/2025 - 100000/- |

| | |
|---|---|
| | 9) 485/ 22/03/2025 - 200000/- |
| ആകെ | 8,40,000/- |

നഗരസഭ പരിധിക്ക് പുറത്ത് സ്ഥലം വാങ്ങിയിട്ടുള്ള നഗരസഭയുടെ ലൈഫ് ഗുണഭോക്താക്കൾക്കുള്ള ഭവന പദ്ധതിയിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുന്ന സ്റ്റേജിനനുസരിച്ച് വിവിധ ഗഡുക്കളായി പരമാവധി 400000/- രൂപ ധനസഹായം നൽകുന്നതിനായാണ് പ്രോജക്ട് നടപ്പിലാക്കിയത്. 20 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായി ഫയൽ പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

A. ജനറൽ വിഭാഗം

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | സുൾഫത്ത്, പന്തലക്കാട്ട് പുത്തൻപുര | 360000 | 40000 |
| 2. | സജി, നമ്പീരാത്ത് | 360000 | 40000 |
| 3 | മേരി വർക്കി, മുക്കോടിയിൽ | 360000 | 40000 |
| 4 | രാധാംണി ശശി, | 360000 | 40000 |
| 5 | സുലൈഖ, മേലേക്കുടി പുത്തൻപുര | 360000 | 40000 |
| 6 | രാജമ്മ പുരുഷോത്തമൻ, പുത്തൻപുരക്കൽ, | 360000 | 40000 |
| 7 | ലിസ്സി ജോൺ, പൊട്ടക്കൽ, മുടവൂർ | 360000 | 40000 |
| 8 | ലൈല മൈതീൻ, പോക്കളത്ത്, | 360000 | 40000 |
| 9 | ശോഭ മോഹനൻ, നടുവിലെ വീട്ടിൽ | 360000 | 40000 |
| 10 | അഞ്ചു സജീവ്, പള്ളിയാൽപറമ്പിൽ | 360000 | 40000 |
| 11 | ഷഹന ഷംനാസ്, കോട്ടേക്കുടിയിൽ | 300000 | 100000 |
| 12 | നബീസ കണ്ടോത്തുകുടി | 360000 | 40000 |
| 13 | ശുഭശ്രീ | 200000 | 200000 |

B. പട്ടികജാതി വിഭാഗം

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | ശ്യാമ കുഞ്ഞുമോൻ, മൂരിപ്പാറ | 200000 | 200000 |
| 2 | ഷിഞ്ചു പി ഷിബു, വടക്കേക്കര പുത്തൻപുരയിൽ | 40000 | 360000 |

ജനറൽ, എസ്.സി. ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/16.01.2026) നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് രേഖാമൂലം അറിയിപ്പ് നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് അറിയിച്ചു. മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-21 ടൗൺഹാൾ ഇലക്ട്രിഫിക്കേഷൻ പദ്ധതി പണം പാഴ് ചെലവായി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ടൗൺഹാൾ ഇലക്ട്രിഫിക്കേഷൻ |
| പ്രോജക്ട് നം. | 306/2025(new) |
| അടങ്കൽ | 150000.00<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 133935.00(PFMS) |
| അളവ് പുസ്തകം | E-MBOOK |
| കരാറുകാരൻ | വിനോദ്കുമാർ ടി പി |
| കരാർ നം, തീയതി | 31/AE/LSGD/MVPA/24-25,<br>തീയതി. 18.03.2025 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| പ്രവൃത്തി ചെക്ക് മെഷർ ഉദ്യോഗസ്ഥൻ | ജോയി.എം.കെ<br>(AEE(Rtd.), KSEB Ltd)<br>Member DLTCE |
| പ്രവൃത്തിയുടെ സൂപ്പർവിഷൻ നടത്തിയ ഉദ്യോഗസ്ഥൻ | കെ.ജെ.ജോർജ്ജ്<br>(AE(Rtd.) PWD Electrical Wing)<br>(Member DLTCE-LSGD -EKM) |

ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയോടനുബന്ധിച്ച് കരാറുകാരന് നൽകിയ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | ഇനം | തുക |
|---|---|---|
| 1 | Electrification(contractor) | 125229.00 |
| 2 | Remuneration And Supervision Charge | 4000.00 |
| 3 | Provision For GST | 4706.00 |
| ആകെ | | 133935.00 |

നഗരസഭയിലെ ടൗൺഹാൾ ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനായി 2024-25 ൽ നടപ്പിലാക്കിയ പദ്ധതിയാണ് 306/2025.

ഓഡിറ്റും നഗരസഭ നിയോഗിച്ച ജീവനക്കാരനും സംയുക്തമായി 20/01/2026-ന് ടൗൺഹാളിൽ നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിൽ ടൗൺഹാൾ മുഴുവനായി 2025-26 ലെ പ്രോജക്ട് നം.261/26(എസ്.ഒ) പ്രകാരം പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു. ആയതിനാൽ മേൽ വിശദമാക്കിയ പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ഇലക്ട്രിക്കൽ പ്രവൃത്തികൾ ഏതൊക്കെയെന്ന് പരിശോധനാ വിധേയമാക്കാൻ സാധിച്ചിട്ടില്ല. പ്രവൃത്തികൾ ചെയ്തതിന്റെ യാതൊരു തെളിവും പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല.

2. 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ മേൽ പ്രോജക്ട് പൂർത്തീകരിച്ച് ഒരു വർഷം തികയുന്നതിന് മുൻപ് തന്നെ അതേ സൈറ്റിൽ 2025-26 വർഷം പ്രോജക്ട് നം.261/26(എസ്.ഒ) പ്രകാരം ടൗൺഹാൾ നവീകരണ പ്രവർത്തനം നടപ്പിലാക്കിയത് യുക്തിക്ക് നിരക്കുന്നതല്ല.

3. 2024-25 വർഷം ടൗൺഹാൾ നവീകരണത്തിന് [330/25(new)], എന്ന പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നതിനാൽ ആയത് നടപ്പിലാക്കാതെ ഇലക്ട്രിക് പ്രവൃത്തിയുടെ പ്രോജക്ട് മാത്രം ഏറ്റെടുത്ത് നടപ്പിലാക്കുകയും, തുടർന്നുള്ള വർഷം എസ്റ്റിമേറ്റ് വർദ്ധിപ്പിച്ച് സ്പിൽഓവറായി ടൗൺഹാൾ നവീകരണ പ്രോജക്ട് 261/26 നടപ്പിലാക്കുകയും ചെയ്തതിന്റെ കാരണം വ്യക്തമല്ല.

4. 2024-25 സാമ്പത്തിക വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി വിഭാവനം ചെയ്ത പ്രോജക്ട് നം.330/25(new), അടങ്കൽ തുക 13,50,307.00 ആയിരുന്നു. ടി പ്രോജക്ട് 2024-25 വർഷം നടപ്പിലാക്കാതെ അടങ്കൽ തുകയിൽ 5000000.00(അമ്പത് ലക്ഷം) രൂപയുടെ വർദ്ധനവ് വരുത്തി 2025-26 വർഷത്തിൽ ആകെ 63,50,307.00 രൂപ അടങ്കൽ നിശ്ചയിച്ച് സ്പിൽ ഓവറായി പ്രോജക്ട് നടപ്പിലാക്കുകയാണ് ചെയ്തുവരുന്നത്.

5. 306/2025 നമ്പർ പ്രോജക്ട് മുഖേന നടപ്പിലാക്കിയ ഇനങ്ങൾ സ്ഥലപരിശോധനയിൽ കണ്ടെത്താൻ സാധിക്കാത്തതിനാൽ ടി പ്രവൃത്തി നടപ്പിലാക്കിയിട്ടില്ലെന്ന നിഗമനത്തിൽ എത്തിചേരാവുന്നതാണ്. മേൽ അപാകതക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കി നൽകിയ 35/23.01.2026 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഒരു പ്രോജക്ട് നടപ്പിലാക്കിയതിനു ശേഷം പിറ്റേ വർഷം തന്നെ ഇതേ സൈറ്റിൽ മുൻവർഷ പ്രവൃത്തിയിൽ ചെയ്ത ഇനങ്ങൾ മുഴുവനായി നീക്കം ചെയ്ത് മുൻവർഷം നടപ്പിലാക്കാത്ത മറ്റൊരു പ്രോജക്ട് സ്പിൽ ഓവറായി നടപ്പിലാക്കിയത് ക്രമപ്രകാരമല്ല. ടൗൺഹാൾ നവീകരണം(261/26) എന്ന പ്രോജക്ട് മാത്രമാണ് അംഗീകരിക്കാവുന്നത്. ആദ്യത്തെ പ്രോജക്ട് (306/25) പ്രകാരം തുക ചെലവഴിച്ചത് പാഴ് ചെലവായി വിലയിരുത്തുന്നു. പ്രോജക്ട് നടത്തിപ്പിൽ മേൽ സൂചിപ്പിച്ച

അപാകതകൾ നിലനിൽക്കുന്നതിനാൽ 133935.00 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 നിർവ്വഹണോദ്യോഗസ്ഥരെ പദ്ധതി നടപ്പിലാക്കുവാൻ ചുമതലപ്പെടുത്തിയിട്ടില്ല

നഗരസഭയിൽ 2024-25 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർത്തിട്ടുള്ള നിർവ്വഹണോദ്യോഗസ്ഥർക്ക് പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാൻ ചുമതല നൽകിയിട്ടില്ല.

1. ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ
2. പട്ടിക ജാതി വികസന ഓഫീസർ

എസ്.സി, എസ്. ടി വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 25/21.01.2026 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് 2024-25 സാമ്പത്തിക വർഷത്തിൽ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ലെന്നും 2025-26 ൽ ആവിഷ്കരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. കൂടാതെ, പട്ടികജാതി വികസന ഓഫീസർ പ്രോജക്ടുകളുടെ നിർവ്വഹണം ഏറ്റെടുക്കുവാൻ തയ്യാറല്ലെന്നും പ്രസ്തുത വിവരം ബഹു. ജില്ലാകളക്ടർക്കും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്കും റിപ്പോർട്ട് ചെയതിട്ടുള്ളതാണെന്നും തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ലെന്നും അറിയിച്ചു.

തുടർ വർഷങ്ങളിൽ പദ്ധതി നടത്തിപ്പിൽ നിർവ്വഹണോദ്യോഗസ്ഥരുടെ സേവനം ഉറപ്പുവരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പഴയവാഹനം രൂപമാറ്റം വരുത്തി - ചെലവ് തുക ₹2,50,000/- നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കുടുബശ്രീ ഉല്പന്നങ്ങളുടെ വിപണനകേന്ദ്രം |
| പ്രോജക്ട് നം. | 197/25(സ്പിൽ ഓവർ) |
| അടങ്കൽ | ₹2,50,000.00 (വികസനഫണ്ട്-ജനറൽ) |
| ചെലവ്/ബിൽ നം./തീയതി | ₹250000.00, 348/17.02.25 |
| കരാറുകാരൻ, കരാർ നം | സൈനുദീൻ.പി.ബി,<br>83/AE/Lsgd/23-24, തീയതി.16.03.24 |
| അളവ് പുസ്തകം | E- Mbook |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

നഗരസഭയുടെ ഉടമസ്ഥതിയിലുള്ള ടൗൺഹാളിന്റെ സൈഡ് യാർഡിൽ സ്റ്റോക്ക് ചെയ്തിരുന്ന KL-17-F-4106 നമ്പർ പഴയ വാഹനത്തിന്റെ ചട്ടക്കൂട് എടുത്ത് മാറ്റി പുതിയ ബോഡി പണിത് കുടുബശ്രീ വിപണനകേന്ദ്രമാക്കി രൂപമാറ്റം നടത്തുകയെന്നതാണ് കരാർ പ്രകാരമുള്ള പ്രവൃത്തി. 09/09.2024-ലെ 18-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ടി പ്രവൃത്തി ചെയ്യുന്നതിന് അംഗീകാരം നല്കിയിട്ടുണ്ട്. വാഹനത്തെപ്പറ്റിയുള്ള പൊതു വിവരങ്ങൾ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ലഭിച്ചത് ചുവടെ ചേർക്കുന്നു.

| വാഹനത്തിന്റെ പേര്, നം., തരം, ഫ്യൂവൽ | രജിസ്ട്രേഷൻ തീയതി, RTO | ഇൻഷുറൻസ് കാലയളവ് | ഫിറ്റ്നസ്സ് കാലയളവ് | റോഡ് ടാക്സ് അടവാക്കിയ കാലയളവ് | മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റിന്റെ കാലാവധി |
|---|---|---|---|---|---|
| TATA ACE, KL17-F-4106, GOODS CARRIER,(LGV), DIESEL | 24/12/2008, Muvattupuzha | 13/06/2021 വരെ | 27/02/2021 വരെ | 30/06/2020 വരെ | 17/06/2023 |

പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാഹനം കുടുബശ്രീ ഉൽപ്പന്നങ്ങളുടെ വിപണന കേന്ദ്രമാക്കി മാറ്റുന്നതിനുള്ള കൗൺസിൽ തീരുമാനമോ, സർക്കാർ അനുമതിയോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
2. 24.12.2008 ൽ രജിസ്റ്റർ ചെയ്ത വാഹനം എന്താവശ്യത്തിനാണ് ഓടിയത്, ഓടിയ കിലോമീറ്റർ എത്ര, എന്നീ വിവരങ്ങൾ പരിശോധിക്കുന്നതിനായി വാഹനത്തിന്റെ ലോഗ് ബുക്ക് ഹാജരാക്കിയില്ല.

3. വാഹനം നഗരസഭയുടെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. വാഹനം പി.ഡബ്ല്യൂ.ഡി മെക്കാനിക്കൽ വിഭാഗത്തിന്റെ പരിശോധനയ്ക്ക് വിധേയമാക്കുകയോ ഉപയോഗ ക്ഷമത നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.
5. ഉപയോഗപ്രദമല്ലാത്ത വാഹനം കൈയൊഴിയുന്നതിനും ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിനും സർക്കാർ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായ തുടർ നടപടികൾ നഗരസഭ സ്വീകരിച്ചില്ല.

6. ഉപയോഗശൂന്യമായ വാഹനം രൂപമാറ്റം നടത്തി വിപണനകേന്ദ്രമാക്കി മാറ്റാമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ല. ഇപ്രകാരം ഒരു പ്രോജക്ടിന് സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടുമില്ല.

7. ഉപയോഗശൂന്യവും കേടായതുമായ വാഹനം ആണെങ്കിൽ സഞ്ചരിക്കുന്ന വിപണനകേന്ദ്രത്തിന് സാധ്യത ഇല്ല. നിർത്തിയിട്ടിരിക്കുന്ന ബങ്ക് (BUNK) മാതൃകയിലുള്ള വിപണനകേന്ദ്രമാണ് വിഭാവനം ചെയ്തതെങ്കിൽ ഇത്രയും തുക ചെലവഴിക്കാതെയും വാഹനത്തിന്റെ ഭാഗങ്ങൾ ഉപയോഗിക്കാതെയും പ്രോജക്ട് നടപ്പിലാക്കാവുന്നതാണ്. ആയതിനുള്ള സാധ്യത പ്രോജക്ട് നടത്തിപ്പിന്റെ ഒരു ഘട്ടത്തിലും നഗരസഭ പരിശോധിച്ചിട്ടില്ല.
രൂപമാറ്റം വരുത്തിയ വാഹനം നേരിൽ കാണണമെന്ന് ഓഡിറ്റ് ആവശ്യപ്പെട്ടതിനെത്തുടർന്ന് 20/01/2026-ന് ഗവ.മോഡൽ ഹയർസെക്കന്ററി സ്കൂൾ ഗ്രൗണ്ടിൽ ചായയും സ്നാക്സും വിൽക്കുന്ന ഒരു ചെറിയ സ്റ്റോൾ നഗരസഭ സ്ഥല പരിശോധനയ്ക്കായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ കാണിച്ചു തന്നിരുന്നു. ടി സ്റ്റോളിൽ ടയറുകളും കണക്ടഡ് പാർട്ടസുകളും മാത്രമേ കാണാൻ സാധിച്ചിട്ടുള്ളൂ. മറ്റ് യന്ത്രസാമഗ്രികൾ ഒന്നും തന്നെ സ്റ്റോളിൽ അവശേഷിച്ചിട്ടില്ല. നിലവിൽ ടയർ പഞ്ചർ ആയ നിലയിലുമാണ്. നഗരസഭ രൂപമാറ്റം വരുത്തിയ വാഹനമാണോ ഇതെന്ന് വ്യക്തമാക്കേണ്ടതാണ്.

8. രൂപമാറ്റം വരുത്തിയ വാഹനം ആർക്കാണ് കൈമാറിയത് എന്ന വിവരമോ വാഹനം കൈവശം വെച്ചിരിക്കുന്ന വ്യക്തികൾ നഗരസഭയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്ന വിവരമോ ഫയലിൽ ലഭ്യമല്ല.
9. നിലവിൽ വാഹനം എവിടെ സൂക്ഷിച്ചിരിക്കുന്നു എന്നതിന്റെ രേഖകൾ പരിശോധനയിൽ ഹാജരാക്കിയില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 33/23.01.2026 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് നടത്തിപ്പിലെ ക്രമവിരുദ്ധമായ നടപടി സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 2,50,000.00 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-24 അങ്കണവാടി മെയിന്റനൻസ് - സ്റ്റീൽ പ്രവൃത്തിക്ക് അധികതുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വിവിധ അങ്കണവാടികൾ മെയിന്റനൻസ് |
| പ്രോജക്ട് നം | 240/2025(സ്പിൽ ഓവർ) |
| അടങ്കൽ | 5338550.00<br>(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| ചെലവ്/ബിൽ നം., തീയതി | 5338550.00 (25120247098200324487/11.07.25) |
| നിർവ്വഹണോദ്യോഗസ്ഥ | അസി.എഞ്ചിനീയർ |
| കരാറുകാരൻ | ഇസ്മെയിൽ കെ.കെ. |
| കരാർ നം. | 79/AE/23-24,Dt.16.03.2024 |
| അളവ് പുസ്തകം | ഇ.എം.ബുക്ക് |

മേൽ പ്രോജക്ട് പ്രകാരം, അങ്കണവാടി നം.18ൽ താഴെ ചേർക്കുന്ന ഇനം പ്രവൃത്തി നടത്തി തുക കൈമാറിയിട്ടുണ്ട്. (DSR-2018, Cost Index (Place-EKM-135.59)

1. അളവ് പുസ്തകത്തിൽ ഉൾപ്പെടുത്തി തുക കൈമാറിയ പ്രവൃത്തി

| ഇനം | സ്പെസിഫിക്കേഷൻ |
|---|---|
| 1.012-10.16.1 | Steel Work In Built Up GI Tubular Trusses Etc. Including Cutting, Hoisting, Fixing In Position And Applying A Prime Coat Of Approved Steel Primer, Including, Welding And Bolted With Special Shaped Washers Etc Complete. |

2. സ്ഥല പരിശോധനയിൽ കണ്ടെത്തിയ ചെയ്ത പ്രവൃത്തി

| ഇനം | സ്പെസിഫിക്കേഷൻ |
|---|---|
| 10.1 | Structural Steel Work In Single Section, Fixed With Or Without Connecting Plate, Including Cutting, Hoisting, Fixing In Position And Applying A Prime Coat Of Approved Steel Primer All Complete. |

ചെയ്ത പ്രവൃത്തിക്ക് അനുവദിക്കാവുന്ന തുക, നഗരസഭ അനുവദിച്ച തുക, അധികം നൽകിയ എന്നിവ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | സ്റ്റീലിന്റെ അളവ്/നിരക്ക് | അനുവദിച്ച തുക |
|---|---|---|
| 1-012-10.16.1(നൽകിയത്) | 70.338kgx154.03 | 10834.00 |
| 10.1(നൽകേണ്ടത്) | 70.338kgx101.27 | 7123.00 |
| വ്യത്യാസം | 10834.00-7123.00 | 3711.00 |
| അധികം നൽകിയ തുക | - | 3711.00 |

കൂടിയ നിരക്കിൽ പ്രസ്തുത പ്രവൃത്തിക്ക് തുക കൈമാറിയതിന് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കി നൽകിയ ഓഡിറ്റ് എൻക്വയറി നം.37/23.01.2026-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 3711.00 രൂപ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-25 ഗവ.ജെ.ബി.സ്കൂൾ അടുക്കള വൈദ്യുതീകരണം - ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി

ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയോടനുബന്ധിച്ച് പ്രവൃത്തികൾ നടപ്പിലാക്കാതെ തന്നെ കരാറുകാരന് തുക കൈമാറിയിട്ടുണ്ട്. വിശദവിവരം ഭാഗം-3, ഖണ്ഡിക 3-1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-26 രണ്ടാർ കമ്മ്യൂണിറ്റി ഹാൾ ട്രസ് വർക്ക് - അധിക നിരക്കിൽ തുക നൽകി

രണ്ടാർ കമ്മ്യൂണിറ്റി ഹാൾ ട്രസ് വർക്ക്, അധിക തുക അനുവദിച്ച നൽകിയിട്ടുണ്ട്. വിശദവിവരം ഭാഗം-3, ഖണ്ഡിക-3-2-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-27 ഡമ്പിംഗ് യാർഡ് - സ്റ്റീൽ വർക്കിന് അധിക നിരക്കിൽ തുക നൽകി

ഡമ്പിംഗ് യാർഡ് നവീകരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് അധിക നിരക്ക് അനുവദിച്ച നൽകിയിട്ടുണ്ട്. വിശദവിവരം ഭാഗം-3, ഖണ്ഡിക 3-3ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-28 പണ്ടാരിമല റോഡ് ബാപ്പുജി റോഡ് മെയിന്റനൻസ് - കരാറുകാരന് മണ്ണ് നിറച്ചതിന് അധിക തുക നൽകി

പണ്ടാരിമല റോഡ് ബാപ്പുജി റോഡ് മെയിന്റനൻസ്, വാർഡ്-17-ൽ നടത്തിയ പ്രവൃത്തിയിൽ അധിക നിരക്ക് അനുവദിച്ച നൽകിയിട്ടുണ്ട്. വിശദവിവരം ഭാഗം-3, ഖണ്ഡിക 3-4-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-29 ഗവ.ടി.ടി.ഐ സ്കൂൾ സൗകര്യം വർദ്ധിപ്പിക്കൽ - സ്റ്റീൽ വർക്കിന് അധിക നിരക്കിൽ തുക നൽകി

ഗവ.ടി.ടി.ഐ സ്കൂൾ സൗകര്യം വർദ്ധിപ്പിക്കൽ എന്ന പ്രോജക്റ്റിൽ സ്റ്റീൽ പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ചിട്ടുണ്ട്. വിശദവിവരം ഭാഗം-3, ഖണ്ഡിക 3-5-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-30 ബി.ആർ.സി കെട്ടിട നിർമ്മാണം - കരാറുകാരന് മണ്ണിന്റെ വില അധികമായി അനുവദിച്ചു

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ബി.ആർ.സി കെട്ടിട നിർമ്മാണം, വാർഡ്-3 |
| പ്രോജക്റ്റ് നം. | 214/25(സ്പിൽ ഓവർ) |
| അടങ്കൽ | 2627818.00 (വികസന ഫണ്ട്-ജനറൽ) |
| ചെലവ്/ബിൽ നം./തീയതി | 25,38,911/- , 260/12.12.24 |
| കരാറുകാരൻ,കരാർ നം. | ലിയ .കെ.ഏലിയാസ്,<br>49/AE/Lsgd/23-24, തീയതി. 02.03.2024 |

| | |
|---|---|
| അളവ് പുസ്തകം | ഇ-എം.ബുക്ക് |
| നിർവ്വഹണോദ്യോഗസ്ഥ | അസി.എഞ്ചിനീയർ |

മേൽ പ്രവൃത്തിയിൽ താഴെ ചേർക്കുന്ന ഇനങ്ങൾക്ക് കരാറുകാരന് തുക അനുവദിച്ച നൽകിയിട്ടുണ്ട്.

| ഇനം | സ്പെസിഫിക്കേഷൻ | അളവ്/നിരക്ക് | അനുവദിച്ച തുക |
|---|---|---|---|
| 1.001 | 2.8.1-Earth Work In Excavation By Mechanical Means (Hydrolic Excavation/ Manual Means In Foundation Trenches Or Drains(not Exceeding 1.5m In Width Or 10sqm On Plan)including Dressing Of Sides And Ramming Of Bottoms, Lift Up To 1.5m. Including Getting Out The Excavated Soil And Disposed Of Surplus Excavated Soil As Directed With In Lead Of 50m. All Kinds Of Soil….. | 23.376m$^3$x260.15 | 6081.27 |
| | | - | - |
| ആകെ | - | 23.376m$^3$x@260.15 | 6081.27 |

| ഇനം | സ്പെസിഫിക്കേഷൻ | അളവ്/ നിരക്ക് | അനുവദിച്ച തുക |
|---|---|---|---|
| 1.004 | 50.2.25. 1-Filling With Contractors Own Earth (Excluding Rock) In Trenches, Plinth, Sides Of Foundation Etc. In Layers Not Exceeding 20cm Depth Consolidating Each Deposted Layers By Ramming And Watering Lead Up To 50cm And Lift Up To 1.5 M As Per Direction Of Site Engineer In Charge | 8.440m$^3$x @460.62 | 3887.63 |
| ആകെ | - | 8.440 M$^3$x @460.62 | 3887.63 |

മേൽ പ്രവൃത്തിയിൽ ഇനം-1.001-2.8.1-പ്രകാരം 23.376m$^3$ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. അതേ പ്രവൃത്തിയിൽ സ്വന്തം മണ്ണ് നിറച്ചതിന് കരാറുകാരന് ഇനം-1.004-പ്രകാരം 8.440 M$^3$ അളവിന് അനുവദിച്ച നൽകിയിട്ടുമുണ്ട്. ഐറ്റം-1.001 ഇനത്തിന്റെ അളവ് ഐറ്റം 1.004 ന്റെ അളവിൽ കുറവ് ചെയ്ത് മാത്രമാണ് കരാറുകാരന് തുക അനുവദിക്കേണ്ടിയിരുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | അളവ് /നിരക്ക് | അനുവദിച്ച തുക |
|---|---|---|
| 1.001-2.8.1 | 23.376m$^3$x@260.15 | 6081.27 |
| 1.004 – 50.2.25 | 8.440 M$^3$x@460.62 | 3887.63 |
| വ്യത്യാസം | - | 2193.63 |
| അധികം നൽകിയ തുക | - | 2194.00 |

അധിക തുക കൈമാറിയതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.41/23.01.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കരാറുകാരന് അധികം നൽകിയ 2194.00 രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. ടി തുക നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-31 സ്ഥായിയായതും ഉൽപാദനക്ഷമവുമായ ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കിയില്ല

നഗരമേഖലകളിൽ ജീവിക്കുന്ന ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. നഗരസഭയുടെ 2024-25-ലെ പദ്ധതി നടത്തിപ്പിൽ വന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1.മഴക്കുഴിനിർമ്മാണം, മൈക്രോ ഇറിഗേഷൻ പ്രൊജക്ടുകൾ, പരമ്പരാഗത ജലസ്രോതസുകളായ തോടുകൾ,

കുളങ്ങൾ മുതലായവ ചെളി നീക്കം ചെയ്യുക, പൊതുസ്ഥലങ്ങളിലെ മാലിന്യം നീക്കി വൃത്തിയാക്കൽ, കോളനി പുനരുദ്ധാരണ പ്രവർത്തനം തുടങ്ങിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ വേണ്ടിയാണ് നഗരസഭ കൂടുതലായി ശ്രമിക്കേണ്ടത്. ഇതിലേക്കായി പ്രാദേശിക കൃഷി ഓഫീസുമായി സഹകരിച്ചുകൊണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. നിലവിൽ തോടുകളിലെ ചെളി നീക്കം ചെയ്യുക, പുഷ്പ കൃഷി, നിലം കൃഷിക്ക് അനുയോജ്യമാക്കൽ, കാന വൃത്തിയാക്കൽ, മഴക്കാല പൂർവ്വ ശുചീകരണം എന്നീ പ്രവൃത്തികൾ മാത്രമേ നഗരസഭ നടപ്പിലാക്കിയിട്ടുള്ളൂ. മെറ്റീരിയൽ പ്രവൃത്തികൾ തൻവർഷം ഒന്നും തന്നെ നഗരസഭ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. സ്ഥായിയായതും ഉൽപാദനക്ഷമവുമായ സാമൂഹ്യ ആസ്തികളുടെ നിർമ്മാണം നഗരതൊഴിലുറപ്പ് പദ്ധതി പ്രകാരം ഉറപ്പാക്കിയിട്ടില്ല.

2.തൊഴിലുറപ്പ് പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം പ്രൊജക്ട് പൂർത്തിയായി 15 ദിവസത്തിനകം തൊഴിലാളികൾക്ക് വേതനം ലഭ്യമാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം വേതനം ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പിൽ വന്ന മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി (നം.43/23.01.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ഖണ്ഡികയിലെ പരാമർശങ്ങൾ പരിഗണനാവിധേയമാക്കേണ്ടതാണ്.

## 1-32 ദീർഘവീക്ഷണമില്ലാതെ പ്രോജക്ട് നടപ്പിലാക്കി - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കാവുങ്കര മാർക്കറ്റ് കെട്ടിടം നവീകരണം |
| പ്രോജക്ട് നം. | 228/25(സ്പിൽ ഓവർ) |
| അടങ്കൽ | 793565.00(തനത് ഫണ്ട്) |
| ചെലവ് | 671925.00 |
| ബിൽ നം./തീയതി | 484/22.03.25 |
| അളവ് പുസ്തകം | ഇ-എം.ബുക്ക് |
| കരാറുകാരൻ, കരാർ നം. | അബു.എം,<br>74/AE/LSGD/23-24, Dt.16.03.24 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

മാർക്കറ്റ് കെട്ടിടം നവീകരിക്കുക എന്നതാണ് പ്രവൃത്തിയെങ്കിലും പഴയ കെട്ടിടത്തിന്റെ ഒരു ഭാഗം പോലും സൈറ്റിലോ പ്രവൃത്തിയുടെ ഒരു ഘട്ടത്തിലോ ഉൾപ്പെടുത്തിയിട്ടില്ല. പൂർണ്ണമായും പുതിയ കെട്ടിട സാമഗ്രികൾ ഉപയോഗിച്ചാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. പി.ഡബ്ല്യു.ഡി റോഡിനും സ്വകാര്യ വ്യക്തികളുടെ പുരയിടത്തിനും ഇടയിലുള്ള നഗരസഭ വക സ്ഥലത്താണ് നിർമ്മാണം നടത്തിയിരിക്കുന്നത്. 21.01.2026-ന് ഓഡിറ്റും മുനിസിപ്പാലിറ്റി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനും സംയുക്തമായി നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.നിലവിൽ കെട്ടിടത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. ഭിത്തി നിർമ്മാണം പൂർണ്ണമല്ല. ജനലുകൾ, വാതിലുകൾ എന്നിവ സ്ഥാപിച്ചിട്ടില്ല. വൈദ്യുതി, വാട്ടർ കണക്ഷനുകൾ ലഭ്യമല്ല. തറ കോൺക്രീറ്റ്/ടൈൽ വിരിച്ചിട്ടില്ല.

2.ഇരുചക്ര വാഹനം പോലും പാർക്ക് ചെയ്യാൻ ഫ്രണ്ടേജ് ഇല്ലാത്ത സ്ഥലത്ത് ഇത്തരം ഒരു കെട്ടിടം നിർമ്മിച്ചാൽ ഏത് തരം ആവശ്യത്തിനായാണ് മുറികൾ വാടകയ്ക്ക് പോകുകയെന്നതിന് വ്യക്തതയില്ല.

3.പ്രവൃത്തി ഉപേക്ഷിക്കപ്പെട്ട നിലയിൽ തുടരുമ്പോഴും തുടർന്ന് വലിയൊരു തുക ചെലവഴിച്ചാൽ മാത്രമേ ഭാവിയിൽ കെട്ടിടം പൂർണ്ണ സജ്ജമാക്കാൻ സാധിക്കുകയുള്ളൂ എന്ന് വ്യക്തമാണ്. റോഡ് വികസനം സാധ്യമായാൽ കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം പൂർണ്ണമായും നഷ്ടപ്പെടാവുന്ന സാഹചര്യമാണ് നിലവിൽ ഉള്ളത്.

നേരിട്ടുള്ള പരിശോധനയിലും പ്രോജക്ടിന്റെ നിലവിലെ സ്ഥിതി വിലയിരുത്തിയതിലും പ്രോജക്ട് ഉപേക്ഷിക്കപ്പെട്ട നിലയിലാണെന്ന് കാണുന്നു. പദ്ധതിപണം പാഴ്ചെലവായെന്നും, പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലെന്നും വിലയിരുത്താവുന്നതാണ്. മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ആയത് നഗരസഭകളുടെ ആസ്തിയാക്കുകയും ഭാവിയിൽ നഗരസഭയ്ക്ക് മുതൽക്കൂട്ടാവുകയും ചെയ്യാമെന്ന് ഉറപ്പുള്ള പ്രോജക്ടുകൾ മാത്രം ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കി 23.01.2026-ന് നൽകിയ 34-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി

ലഭ്യമാക്കിയില്ല. പ്രോജക്ട് നടത്തിപ്പിൽ സംഭവിച്ച മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ പ്രോജക്ടിനായി ചെലവഴിച്ച 671925.00 രൂപ തടസ്സപ്പെടുത്തുന്നു.

## 1-33 ഹെഡ്മാസ്റ്റർ നിർവ്വഹണ നടത്തിയ പ്രോജക്ട് - ജി.എസ്.ടി. ടി.ഡി.എസ് ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം./പേര് | 112/25, ഗവ.സ്കൂളുകൾക്ക് ഫർണിച്ചറും മറ്റ് ഉപകരണങ്ങളും |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ്(നോൺ-റോഡ്) |
| അടങ്കൽ | 15,00,000/- |
| ചെലവ് | 15,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

മൂവാറ്റുപുഴ നഗരസഭയിൽ 2024-25 സാമ്പത്തിക വർഷം ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ ഈ പ്രോജക്ട് പ്രകാരം ജി.എസ്.ടി. അടക്കം 15,00,000/-രൂപയ്ക്ക് വിവിധ ഫർണിച്ചറുകൾ ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങി സർക്കാർ സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുള്ളതാണ്(ബിൽ നമ്പർ 504/24.3.2025). എന്നാൽ പ്രസ്തുത ബില്ലിൽ നിന്നും ടി.ഡി.എസ്. ചെയ്യാതെ മുഴുവൻ തുകയും ആർട്ട്കോയ്ക്ക് നൽകി. ആയതിനു വിശദീകരണം ലഭ്യമാക്കുന്നതിനു 23.01.2026 ൽ നല്കിയ ഓഡിറ്റ് എൻക്വയറി നം.32 നു മറുപടി ലഭ്യമായില്ല. സി.ജി.എസ്.ടി. ആക്ട് 2017 സെക്ഷൻ 51 പ്രകാരം ടി.ഡി.എസ്. ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതായിരുന്നു. ഈടാക്കിയിട്ടില്ലാത്ത നിലയ്ക്ക് സ്ഥാപനം ജി.എസ്.ടി. അടവാക്കിയ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-34 ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് - അപാകത

| | |
|---|---|
| പ്രോജക്ട് നം/പേര് | 370/25- ആയുർവേദ ആശുപത്രിയിലേക്ക് ഇൻവെർട്ടർ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) |
| അടങ്കൽ | 1,30,000/- |
| ചെലവ് | 1,29,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| ബിൽ നമ്പർ/തീയതി | 498/24.3.2025 |

പ്രോജക്ട് 370/25 പ്രകാരം കെൽട്രോണിൽ നിന്നും ആയുർവേദ ആശുപത്രിയിലേക്ക് ഇൻവെർട്ടർ വാങ്ങിയിട്ടുള്ളതാണ്. ജെം പോർട്ടൽ വഴി ഇൻവെർട്ടർ വാങ്ങുന്നതിനു പകരം കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങിയത് സംബന്ധിച്ച് വിശദീകരണം നൽകുന്നതിന് 12/17.1.2026 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കി. എന്നാൽ മറുപടിയിൽ വ്യക്തതയില്ല. 24.4.2018 ലെ സർക്കാർ ഉത്തരവ് ജിഒ(പി) 2/2018പ്രകാരം 25000/-രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ജെം പോർട്ടൽ ഉപയുക്തമാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഭാവിയിൽ ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-35 ക്ലീൻ സിറ്റി മാനേജർ നിർവ്വഹണം നടത്തിയ പ്രോജക്ട്-₹77520/-തടസ്സം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ലീൻ സിറ്റി മാനേജർ |
| പ്രോജക്ട് നം./പേര് | 190/25, ഉറവിടമാലിന്യസംസ്കരണം |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്), തനതുഫണ്ട് |
| അടങ്കൽ | 620000/-, 195583/- |
| ചെലവ് | 313466/-, 52839/- |

മൂവാറ്റുപുഴ നഗരസഭയിൽ 2024-25 സാമ്പത്തിക വർഷം ക്ലീൻ സിറ്റി മാനേജർ നിർവ്വഹണം നടത്തിയ ഈ പ്രോജക്ട് 2023-24 സാമ്പത്തികവർഷം ആരംഭിച്ചിട്ടുള്ളതും 6.12.2024 ൽ അക്രഡിറ്റഡ് ഏജൻസിയായ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, പാലക്കാട് എന്ന സ്ഥാപനത്തിന് പർച്ചെയ്സ് ഓർഡർ നൽകുകയും ചെയ്തിട്ടുള്ളതാണ്. 15.03.2024 ൽ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, നഗരസഭ സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പർച്ചെയ്സ് ഓർഡർ നൽകി മുപ്പതു ദിവസത്തിനകം പർചെയ്സ് ഓർഡർ പ്രകാരമുള്ള മാലിന്യ സംസ്കരണ ഉപാധികൾ എത്തിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടിയിരുന്നു. പർചെയ്സ് ഓർഡർ വിവരം ചുവടെ ചേർക്കുന്നു.

1. ബയോഗ്യാസ് പ്ലാന്റ് – 6 എണ്ണം
2. ബയോ കംപോസ്റ്റർ ബിൻ – 129 എണ്ണം
3. ബയോ ഡൈജസ്റ്റർ ബിൻ – 26 എണ്ണം
4. റിംഗ് കംപോസ്റ്റ് യൂണിറ്റ് – 16 എണ്ണം

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 4.1.2024 ലെ ഉത്തരവ് 34/24 പ്രകാരം ഉപാധികൾ വിതരണം ചെയ്യുന്ന ഏജൻസി തന്നെ തുടർ ചെലവുകൾ വഹിക്കുന്ന രീതി അനുസരിച്ചാണ് ഇന്റഗ്രേറ്റ് റൂറൽ ടെക്നോളജി സെന്റർ, നിരക്ക് ക്വോട്ടു ചെയ്തിട്ടുള്ളത്. ആയതിനാൽ ഉപാധികളുടെ വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് 70% തുക മാത്രം ഏജൻസിക്ക് നൽകിയാൽ മതി. ബാക്കി വരുന്ന തുക ഇൻസ്റ്റലേഷൻ, ജിയോ ടാഗിംഗ്, ഹരിതകർമ്മസേനയ്ക്ക് പരിശീലനം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രം സ്ഥാപനത്തിന് നൽകിയാൽ മതി. എന്നാൽ 2024-25 സാമ്പത്തിക വർഷം സ്ഥാപനം ഹാജരാക്കിയ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ 313466/-രൂപ വികസനഫണ്ട് (ബിൽ നമ്പർ 555/29.03.2025), 52839/- രൂപ തനതുഫണ്ട് (വൗച്ചർ നമ്പർ 312/30.3.2025) എന്നിവ സ്ഥാപനത്തിന് അനുവദിച്ചു. സ്ഥാപനം ഹാജരാക്കിയ ഇൻവോയ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ /തീയതി | തുക |
|---|---|
| എൻബി2ബി/24-25/048/10.12.2024 | 122500/- |
| എൻബി2ബി/24-25/049/10.12.2024 | 46800/- |
| എൻബി2ബി/24-25/050/10.12.2024 | 84000/- |
| എൻബി2ബി/24-25/051/10.12.2024 | 103250/- |
| എൻബി2ബി/24-25/102/12.12.2024 | 56000/- |
| ആകെ | 412550/- |

കരാർ പ്രകാരം അനുവദിക്കേണ്ട തുക – 288785/-(70%)

അനുവദിച്ച തുക – 313466+52839 = 366305/-

ഇൻസ്റ്റലേഷൻ വിവരങ്ങൾ, ജിയോടാഗിംഗ് വിവരം, ഹരിതകർമ്മസേനയ്ക്ക് പരിശീലനം ലഭ്യമാക്കിയതിന്റെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനു നൽകിയ 31/21.1.2026 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ആയതു പൂർത്തീകരിച്ചിട്ടില്ല എന്നും സ്ഥാപനം ആവശ്യപ്പെട്ട തുകയുടെ 10% തുക പിടിച്ച് ബാക്കി മാത്രം അനുവദിക്കുകയാണ് ചെയ്തത് എന്നും മറുപടി ലഭ്യമാക്കി. എന്നാൽ കരാർ പ്രകാരം 30% തുകയായിരുന്നു പിടിച്ചുവയ്ക്കേണ്ടിയിരുന്നത്.

മാലിന്യ സംസ്കരണ ഉപാധികൾ എത്ര എണ്ണം വിതരണം നടത്തി എന്നും ആയവ പ്രവർത്തന യോഗ്യമായോ എന്നും പരിശോധന നടത്തിയ റിപ്പോർട്ടുകൾ ഫയലിൽ ലഭ്യമല്ല. കരാർ പ്രകാരമുള്ള തുക പിടിച്ചുവച്ചിട്ടുമില്ല. ഇൻസ്റ്റലേഷൻ, ജിയോടാഗിംഗ്, ഹരിതകർമ്മസേനയ്ക്ക് പരിശീലനം എന്നിവ പൂർത്തീകരിക്കുന്നതുവരെ ഇതിനോടകം നഗരസഭ അനുവദിച്ച തുകയിൽ അധികം നല്കിയ തുക 77520/- (366305- 288785) തടസ്സത്തിൽ വയ്ക്കുന്നു.

## 1-36 വികസന ഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ മുൻവർഷത്തെ തനത് ഫണ്ട് ഡിമാന്റ് തുകയുടെ 90% പിരിവ് നടത്തിയിട്ടില്ലെങ്കിൽ വികസനഫണ്ട് പൊതുവിഭാഗം അലോട്ട്മെന്റിൽ നിന്നും ഒരു ശതമാനം നോമിനൽ കട്ട് വരുത്തുന്നതിന് ആറാം ധനകാര്യക്കമ്മീഷന്റെ രണ്ടാം റിപ്പോർട്ടിൽ എട്ടാം നമ്പരായി ശുപാർശ ചെയ്തിരുന്നു. ഈ ശുപാർശ സ.ഉ.(കൈ) 179/2022/ധന/ 18.10.2022 നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

മൂവാറ്റുപുഴ നഗരസഭയ്ക്ക് സ.ഉ.(സാധാ) നം. 1625/2025/ധന/ 20.02.2025 നമ്പർ ഉത്തരവ് പ്രകാരം ലഭിച്ച വികസന ഫണ്ട് മൂന്നാം ഗഡുവിൽ പൊതുവിഭാഗം ഫണ്ടിൽ നിന്നും ₹269470.00 കുറവ് ചെയ്തിട്ടുണ്ട്. തനത് ഫണ്ട് ഡിമാന്റ് തുകയുടെ 90% പിരിവ് നടത്താതിരുന്നതിനാൽ ആണ് ഇപ്രകാരം നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന തുക നഷ്ടമായിട്ടുള്ളത്. ഈ തുക വാർഷിക ധനകാര്യ പത്രികയിൽ എപ്രകാരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ട് പിരിവ് കാര്യക്ഷമമാക്കുന്നതിന് നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികളും വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് 16.01.2026-ൽ 11-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് ഡിമാൻഡ് നോട്ടീസ് വിതരണം ഉൾപ്പെടെ സ്വീകരിച്ച വിവിധ നടപടികൾ മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. പലപ്പോഴും ശമ്പളവും പെൻഷനും ഉൾപ്പെടെയുള്ള ചെലവുകൾ നടത്താൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന നഗരസഭയിൽ തനത് ഫണ്ട് പിരിവ് പര്യാപ്തമല്ല എന്നത് വ്യക്തമാണ്. 90 ശതമാനത്തിൽ താഴെ മാത്രം പിരിവ് വന്നതിനാലാണ് വികസന ഫണ്ടിൽ ലഭിക്കേണ്ട 269470/- രൂപ

സർക്കാർ പിഴയായി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തത്. തനത് ഫണ്ട് കൃത്യമായി ഈടാക്കുന്നതിലേക്ക് ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-37 കുടിവെള്ള വിതരണം - അവശ്യ രേഖകൾ സൂക്ഷിച്ചിട്ടില്ല

ഫയൽ നമ്പർ : 1793343-2024

നഗരസഭയുടെ വിവിധ വാർഡുകളിൽ ആകെ 84 ലോഡ് കുടിവെള്ളം (ഒരു ലോഡ് 6000 ലിറ്റർ) വിതരണം ചെയ്തതിന് 4200/- രൂപ നിരക്കിൽ ആകെ 352800/- രൂപ ശ്രീ നിയാസ് എം.എ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്(ചെക്ക് നമ്പർ 092310/30.07.2024). കെ സ്മാർട്ട് ഫയലിൽ താഴെ ചേർക്കുന്ന അനുബന്ധ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയവ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 21.01.2026-ൽ 26-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

1) കുടിവെള്ള വിതരണം നടത്തിയ ദിവസങ്ങളിലെ വാഹനത്തിന്റെ ജി.പി.എസ് ട്രാക്ക് റെക്കോർഡ്

2) ബില്ലിൽ നിന്നും നിയമാനുസൃത ആദായനികുതി, ജി.എസ്.ടി. എന്നിവ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തതിന്റെ രേഖകൾ

3) കുടിവെള്ളം വാട്ടർ അതോറിട്ടിയിൽ നിന്നാണ് വിതരണത്തിനായി ശേഖരിച്ചതെങ്കിൽ ആയതിന്റെ രേഖകളും മറ്റ് സ്രോതസ്സിൽ നിന്നാണെങ്കിൽ ഗുണനിലവാര പരിശോധനാ റിപ്പോർട്ടും.

ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) വാഹനത്തിന്റെ ജി.പി.എസ് ട്രാക്ക് റെക്കോർഡ് ഹാജരാക്കുന്നതായി മറുപടിയിൽ ചേർത്തിട്ടുണ്ടെങ്കിലും വാഹനത്തിന്റെ ട്രിപ്പ് റിപ്പോർട്ട് മാത്രമാണ് ഫയലിലുള്ളത്. ആയതിനാൽ കുടിവെള്ള വിതരണത്തിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

2)കുടിവെള്ള വിതരണത്തിന് ജി.എസ്.ടി, ആദായനികുതി എന്നിവ ബാധകമല്ലെന്നാണ് മറുപടിയിൽ അറിയിച്ചത്. എന്നാൽ 1961-ലെ ആദായനികുതി നിയമം, വകുപ്പ് 194 സി പ്രകാരം കരാറുകാരനിൽ നിന്ന് 1% ആദായനികുതിയും 2017-ലെ ജി.എസ്.ടി നിയമം, വകുപ്പ് 51 പ്രകാരം 2% ജി.എസ് ടി-യും സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യേണ്ടതാണ്. അത് പ്രകാരം 352800/- രൂപയുടെ 3% ആയ 10584/- കുറവ് ചെയ്തതിന് ശേഷമാണ് ബിൽ തുക നൽകേണ്ടിയിരുന്നത്. കരാറുകാരൻ ജി.എസ്.ടി, ആദായനികുതി എന്നിവ ഒടുക്കിയിട്ടില്ലാത്ത പക്ഷം ഈ തുക ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

3) കുടിവെള്ളം വാട്ടർ അതോറിട്ടിയിൽ നിന്നാണ് ശേഖരിച്ചതെന്ന് അറിയിച്ചെങ്കിലും ഇത് സംബന്ധിച്ച യാതൊരു രേഖയും ഹാജരാക്കിയില്ല. വാട്ടർ അതോറിറ്റിയിൽ നിന്ന് ശേഖരിച്ച കുടിവെള്ളത്തിന്റെ അളവ് സംബന്ധിച്ച സാക്ഷ്യപത്രം ഇല്ലാത്തതിനാൽ 84 ലോഡ് കുടിവെള്ളം വിതരണം ചെയ്തോയെന്ന് വ്യക്തമല്ല. ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-38 മുൻകൂർ തുക ചെലവഴിച്ചത് എൻ എച്ച് എം-ൽ നിന്ന് ലഭ്യമായില്ല.

അർബൻ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളുടെ ആവർത്തനച്ചെലവ് എന്ന പ്രൊജക്ടിൽ 155089/- രൂപ മാത്രമാണുള്ളതെന്നും 2024 ഏപ്രിൽ മാസം മുതൽ വിവിധ ഇനത്തിൽ വന്ന ചെലവുകൾക്കായി 126409/- രൂപ ഹെൽത്ത് ഗ്രാന്റിലെ മറ്റ് പ്രൊജക്ടുകൾക്കായുള്ള തുകയിൽ നിന്നുമാണ് നൽകിയിട്ടുള്ളതെന്നും ഭരണസമിതിയുടെ 03.03.2025-ലെ 41-ാം നമ്പർ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നഗരസഭയിലെ മണിയംകുളം, കുര്യൻമല അർബൻ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളിലെ ജീവനക്കാരുടെ വേതനം നൽകുന്നതിന് നാഷണൽ ഹെൽത്ത് മിഷനിൽ നിന്ന് തുക ലഭ്യമല്ലാത്തിനാൽ തനതുഫണ്ടിൽ നിന്ന് നൽകുന്നതിനും പിന്നീട് തുക ലഭ്യമാകുന്ന മുറയ്ക്ക് തനതുഫണ്ടിലേയ്ക്ക് റീക്ലപ്പ് ചെയ്യുന്നതിനും ചെയർമാൻ നൽകിയ മുൻകൂർ അനുമതി 03.03.2025-ലെ 41-ാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ സാധൂകരിച്ചിട്ടുണ്ട്. എൻ.എച്ച്.എം-ൽ നിന്ന് ഈ തുക തിരികെ ലഭ്യമാക്കി തനതുഫണ്ടിലേക്ക് റീക്ലപ്പ് ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കാൻ 15.01.2026-ലെ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ, ആവർത്തന ചെലവുകൾക്ക് ആവശ്യമായ തുക ഇല്ലാതിരുന്നതിനാൽ അർബൻ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളിലെ ജീവനക്കാരുടെ വേതനം നൽകുന്നതിന് 1455698/- രൂപ ഹെൽത്ത് ഗ്രാന്റിൽ നിന്നുള്ള മറ്റ് പദ്ധതികൾക്ക് വകയിരുത്തിയ തുകയിൽ നിന്നും 534560/- രൂപ തനത് ഫണ്ടിൽ നിന്നും ഉൾപ്പെടെ ആകെ 1990258/- രൂപ അധികമായി ചെലവായിട്ടുണ്ടെന്നും ഈ തുക തിരികെ ലഭിക്കുന്നതിന് നാഷണൽ ഹെൽത്ത് മിഷനിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. തുക തിരികെ ലഭ്യമാക്കി ബന്ധപ്പെട്ട ഫണ്ടുകളിലേക്ക് റീക്ലപ്പ് ചെയ്ത് രേഖകൾ ഹാജരാക്കേണ്ടതാണ്.

1-39 കെ യു ആർ ഡി എഫ് സി -യിൽ നിന്നും എടുത്ത വായ്പയുടെ കുടിശ്ശിക തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

മൂവാറ്റുപുഴ നഗരസഭ രാജീവ് ദശലക്ഷം പദ്ധതിയിൽ ഉൾപ്പെടുത്തി 1999-2000 കാലഘട്ടത്തിൽ 1860000/-രൂപ 13.5% പലിശ നിരക്കിൽ കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്ന് വായ്പയെടുത്ത് കുടുംബശ്രീ സി.ഡി.എസ് വഴി ഗുണഭോക്താക്കൾക്ക് നൽകിയിരുന്നു. ഇപ്രകാരം ഭവനനിർമ്മാണത്തിനായി നൽകിയ വായ്പയിൽ മൂവാറ്റുപുഴ നഗരസഭയ്ക്ക് 31.3.2023 ൽ കുടിശ്ശിക 8387802/-രൂപ (മുതൽ ₹966796/-, പലിശ ₹6160584, പിഴപ്പലിശ ₹1260422) നിലവിലുള്ളതായി കെ.യു.ആർ.ഡി.എഫ്.സി 17.10.2024-ലെ KURDFC/CDS DEMAND/2016-17 നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. ഈ തുക അടവാക്കിയിട്ടുണ്ടോയെന്നും അല്ലാത്തപക്ഷം കുടിശ്ശിക തീർപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെന്നും അറിയിക്കുന്നതിന് 15.01.2016-ൽ 7-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ 12.12.2024-ലെ കൗൺസിലിന്റെ 15/15 തീരുമാനത്തിൽ തുക അടയ്ക്കേണ്ടതില്ല എന്ന് തീരുമാനിച്ചിരുന്നതായി അറിയിച്ചു. എന്നാൽ വിഷയം കെ.യു.ആർ.ഡി.എഫ്.സി ഡയറക്ടർ ബോർഡ് പരിഗണിക്കുകയും മുതൽ തുക പൂർണ്ണമായും അടയ്ക്കുന്നതിനും സി.ഡി.എസ് മുഖേന സർക്കാരിൽ അപേക്ഷിച്ച് പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിന് അനുമതി തേടുന്നതിനും തീരുമാനിച്ചിട്ടുണ്ട് എന്ന വിവരം നഗരസഭയെ കെ.യു.ആർ.ഡി.എഫ്.സി അറിയിച്ചിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വിശദീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക തീർക്കുന്നതിലേക്ക് ഉചിതമായ തുടർനടപടികൾ സ്വീകരിക്കാൻ വിവരം കൗൺസിലിൽ സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ജപ്തി നടപടികൾ പോലുള്ള സാഹചര്യം ഒഴിവാക്കുന്നതിന് കുടിശ്ശിക തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-40 സ്ട്രീറ്റ് ലൈറ്റ് സപ്ലൈ ചെയ്തതിന് തുക നൽകിയത് കോടതിയലക്ഷ്യം നേരിട്ടതിന് ശേഷം മാത്രം

ശ്രീ. അബ്ദുൾ റസാക്ക്, പ്രൊപ്രൈറ്റർ, ഇലക്ട്രോടെക്ക് ഇൻഡസ്ട്രീസ് എന്ന വ്യക്തിക്ക് നഗരസഭയിൽ 2009-2011 കാലയളവിൽ സ്ട്രീറ്റ് ലൈറ്റുകൾ സപ്ലൈ ചെയ്ത ഇനത്തിൽ ചെക്ക് നമ്പർ 001024 തീയതി 22.05.2024 മുഖേന 355950/- രൂപ തനതുഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. പ്രസ്തുത ഫയൽ (PW1-8274/10) പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)ഏത് പ്രൊജക്ട് മുഖേനയാണ് കരാറുകാരൻ സ്ട്രീറ്റ് ലൈറ്റുകൾ സപ്ലൈ ചെയ്തതെന്നോ, എത്ര രൂപയുടെ ലൈറ്റുകളാണ് സപ്ലൈ ചെയ്തതെന്നോ ഉള്ള വിവരങ്ങളും, കരാർ, സപ്ലൈ ഓർഡർ എന്നിവയും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ നൽകിയ തുക സപ്ലൈ ചെയ്ത മെറ്റീരിയൽ, സപ്ലൈ ഓർഡർ, കരാർ എന്നിവയ്ക്ക് അനുസൃതമാണോയെന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല.

2) നഗരസഭ ബിൽ തുക അനുവദിക്കാത്തതിനെ തുടർന്ന് കരാറുകാരൻ ബഹു.കേരള ഹൈക്കോടതിയിൽ WP(C) No.13265 Of 2012 നമ്പർ അന്യായം ഫയൽ ചെയ്തിരുന്നു. തുക നൽകാനുള്ളവരുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതായി അറിയിച്ചതിനെത്തുടർന്ന് കരാറുകാരന്റെ ഊഴം വരുമ്പോൾ തുക നൽകുന്നതിന് കോടതി നഗരസഭയോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ തുടർന്നും തുക ലഭിക്കാത്തതിനാൽ കരാറുകാരൻ ബഹു.ഹൈക്കോടതി മുൻപാകെ WP© No. 24179 Of 2013 നമ്പർ റിട്ട് ഫയൽ ചെയ്യുകയും 12% പലിശ ഉൾപ്പെടെ 430834.50/- രൂപ ലഭിക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. കരാറുകാരന് ലഭിക്കേണ്ട തുക മൂന്ന് മാസത്തിനകം നൽകുന്നതിന് നഗരസഭയോട് കോടതി 10.01.2024-ലെ ഉത്തരവിൽ നിർദ്ദേശിച്ചു. എന്നാൽ തുടർന്നും നഗരസഭ കോടതി ഉത്തരവ് നടപ്പാക്കാത്തതിനെ തുടർന്ന് 935/2024 നമ്പർ ആയി കരാറുകാരൻ കോടതി അലക്ഷ്യ കേസ് ഫയൽ ചെയ്യുകയും IA No.1/2024, IA No.2/2024 നമ്പർ Interlocutory Applications ഫയൽ ചെയ്യുകയും ചെയ്തതിന് ശേഷം മാത്രമാണ് സാമഗ്രികൾ വിതരണം ചെയ്തതിന് 13 വർഷങ്ങൾക്ക് ശേഷം 355950/- രൂപ നൽകാൻ നഗരസഭ തയ്യാറായിട്ടുള്ളത്.

3) 355950/- രൂപ നൽകിയെങ്കിലും 12% പലിശ (1004874.96 രൂപ) കൂടി നൽകണമെന്നാവശ്യപ്പെട്ട് കരാറുകാരൻ നഗരസഭയ്ക്ക് കത്ത് നൽകിയിട്ടുണ്ട്.

4)കോടതി ഉത്തരവ് നടപ്പാക്കാതെ സെക്രട്ടറി കോടതി അലക്ഷ്യ നടപടി നേരിട്ടതിന് പ്രസ്തുത കോടതിയലക്ഷ്യ കേസിൽ വക്കീൽ ഫീസിനത്തിൽ 15000/- രൂപ അഡ്വക്കേറ്റിന് നൽകി.

യഥാസമയം കരാർ തുക നൽകാതെ അനാവശ്യ വ്യവഹാരത്തിലേക്കും കോടതിയലക്ഷ്യ നടപടിയിലേക്കും നയിച്ച് നഗരസഭാ ഫണ്ടിൽ നിന്ന് ഇത്തരത്തിൽ തുക ചെലവഴിച്ചതിന് വിശദീകരണം നൽകുന്നതിനും കരാർ

തുക നൽകിയതിന്റെ കൃത്യത പരിശോധിക്കുന്നതിന് സ്ട്രീറ്റ് ലൈറ്റ് സപ്ലൈ ചെയ്തത് പ്രൊജക്ട് മുഖേന ആണെങ്കിൽ പ്രസ്തുത പ്രൊജക്ട് ഫയലും അനുബന്ധ രേഖകളും, അല്ലെങ്കിൽ പ്രസ്തുത വാങ്ങലിന്റെ ടെൻഡർ, കരാർ, ബില്ലുകൾ, ലൈറ്റുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നുമാവശ്യപ്പെട്ട് 22.01.2026-ൽ 29-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. കൂടാതെ കരാറുകാരൻ ആവശ്യപ്പെട്ട 12% പലിശ തുക നൽകിയിട്ടുണ്ടോയെന്നും അറിയിക്കാൻ ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ ലഭ്യമാക്കിയില്ല.

ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും അനാവശ്യ കോടതി വ്യവഹാരങ്ങൾക്കും പാഴ്ചെലവിനുമുള്ള സാഹചര്യം നഗരസഭ ഒഴിവാക്കേണ്ടതുമാണ്.

## 1-41 മുൻകൂർ ക്രമീകരിക്കാനവശേഷിക്കുന്നു

നഗരസഭയുടെ 2024-25 വർഷത്തെ ധനകാര്യ പത്രിക പ്രകാരം താഴെ ചേർക്കുന്ന മുൻകൂർ തുക ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നുണ്ട്.

| കോഡ് | ശീർഷകം | തുക (₹) |
|---|---|---|
| 4605004 | ടെമ്പററി അഡ്വാൻസ് ഫോർ ഒഫീഷ്യൽ പർപ്പസസ് | 2707055 |
| 4605099 | അഡ്വാൻസ് ടു അദേഴ്സ് | 36000 |
| ആകെ | | 2743055 |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ വീഴ്ച ഉണ്ടായാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും അതിന്റെ 18% പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ മേൽ പരാമർശിത മുൻകൂറുകൾ ഇപ്രകാരം ക്രമീകരിച്ചിട്ടില്ല. മുൻകൂർ ക്രമീകരിക്കാത്തിന് വിശദീകരണവും മുൻകൂർ ആരൊക്കെയാണ് കൈപ്പറ്റിയതെന്നും ആയത് നാളിതുവരെ ക്രമീകരിക്കാതിരുന്നവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 20.01.2026-ൽ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മുൻകൂർ കൈപ്പറ്റിയ ജീവനക്കാരുടെ വിവരം രേഖപ്പെടുത്തിയ മുൻകൂർ രജിസ്റ്റർ ഹാജരാക്കിയെങ്കിലും വലിയ തുക ക്രമീകരിക്കാനവശേഷിക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭിച്ചില്ല. ചട്ടപ്രകാരം മുൻകൂറുകൾ പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്. മുൻകൂർ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്ന വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-42 ഉദ്ഘാടനം നടത്തി 6 വർഷം കഴിഞ്ഞിട്ടും ഷീ ലോഡ്ജ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.

കെ സ്മാർട്ട് ഫയൽ നമ്പർ 2045167-2024 പ്രകാരം നഗരസഭയുടെ കീഴിലുള്ള ഷീ ലോഡ്ജിന്റെ പ്രതിമാസ വെള്ളക്കരം (കണക്ഷൻ നമ്പർ MPA/9068/N) 754/- രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കി വരുന്നുണ്ട്. രേഖകൾ പ്രകാരം നഗരസഭയിലെ ഷീ ലോഡ്ജ് കെട്ടിടം 24.10.2020-ൽ ഉദ്ഘാടനം നടത്തിയിട്ടുള്ളതും വിവിധ വർഷങ്ങളിലായി താഴെ ചേർക്കും വിധം 2885071/- രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്.

| ക്രമ നം | വർഷം | പ്രോജക്ട് | ഫണ്ടിനം | ചെലവഴിച്ച തുക (₹) |
|---|---|---|---|---|
| 1 | 2018-19 | ഷീ ലോഡ്ജ് 153/19 | വികസന ഫണ്ട് ജനറൽ | 350516 |
| 2 | 2020-21 | ഷീ ലോഡ്ജ് പൂർത്തീകരണം 136/21 | വികസന ഫണ്ട് ജനറൽ | 198303 |
| 3 | 2020-21 | ഷീ ലോഡ്ജ് ഫർണിച്ചർ വാങ്ങൽ 152/21 | വികസന ഫണ്ട് ജനറൽ | 221082 |
| 4 | 2020-21 | ഷീ ലോഡ്ജ് നിർമ്മാണം 246/21 | വികസന ഫണ്ട് ജനറൽ | 1497249 |
| 5 | 2020-21 | ഷീ ലോഡ്ജ് 467/21 | വികസന ഫണ്ട് ജനറൽ | 617921 |
| | ആകെ | | | 2885071 |

29 ലക്ഷത്തോളം തുക ചെലവഴിച്ച് നിർമ്മിച്ച ഷീ ലോഡ്ജ് നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് കാണുന്നു. മൂന്ന് കോമൺ ടോയ്‌ലെറ്റുകൾ ഉള്ള ടി കെട്ടിടത്തിന് പര്യാപ്തമായ സെപ്റ്റിക് ടാങ്ക് നിലവിലുണ്ടോയെന്നത് സംബന്ധിച്ച് വ്യത്യസ്ത റിപ്പോർട്ടുകളാണ് ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

നഗരസഭയിൽ അടിയന്തിരമായി ഷീ ലോഡ്ജ് പ്രവർത്തനം ആരംഭിക്കുന്നതിനാൽ കെ.എസ്.ആർ.ടി.സി സ്റ്റാന്റിന് സമീപം നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിൽ മതിയായ സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിനും കെട്ടിടം പരിശോധിച്ച് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ സെക്രട്ടറി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിർദ്ദേശിച്ചിട്ടുണ്ട്. 31.07.2024 തീയതിയിലെ നഗരസഭാ കൗൺസിൽ മീറ്റിംഗിൽ ഷീ ലോഡ്ജ് കെട്ടിടത്തിൽ സെപ്റ്റിക് ടാങ്ക് പണിയുമെന്ന് ചെയർമാൻ അറിയിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2018-19-ൽ ഷീ ലോഡ്ജ് നിർമ്മാണം ആരംഭിച്ച പ്രൊജക്ടിന്റെ (നമ്പർ എസ് 153/19)എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ടഫോർഡ് ഷീറ്റ് ഉപയോഗിച്ചുള്ള ഷെഡ് നിർമ്മാണം, ടോയ്‌ലെറ്റ് നിർമ്മാണം എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിലുണ്ടായിരുന്ന ഒരു കെട്ടിടത്തിന്റെ മുകളിലായാണ് നിർമ്മാണം നടത്തിയത്. തുടർ വർഷങ്ങളിൽ നടപ്പാക്കിയ പ്രൊജക്ടുകളിലും സെപ്റ്റിക് ടാങ്ക് പണിയുന്നതിനുള്ള ഇനങ്ങൾ ഉൾപ്പെട്ടിട്ടില്ല. നിലവിൽ കെട്ടിടത്തിന് സെപ്റ്റിക് ടാങ്ക് ഉണ്ടോയെന്നത് സംബന്ധിച്ച് 21.01.2026 തീയതിയിൽ നൽകിയ 28-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ 06.02.2025-ലെ റിപ്പോർട്ട് പ്രകാരം ഷീ ലോഡ്ജിൽ സെപ്റ്റിക് ടാങ്ക് ഉള്ളതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

1) കെട്ടിടം നേരിൽ പരിശോധിച്ചതിൽ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും എന്നാൽ സെപ്റ്റിക് ടാങ്ക് നിർമ്മിച്ചിട്ടില്ലെന്നും 11.06.2024-ൽ ജെ.പി.എച്ച്.എൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട് (ഫയൽ നം. പി.എച്ച്4-1500330).







2) അടിയന്തിരമായി സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി എഞ്ചിനിയറിംഗ് വിഭാഗത്തിലേക്ക് സെക്രട്ടറി 14.06.2024-ൽ കത്ത് നൽകിയിട്ടുണ്ട്.

മൂവാറ്റുപുഴ നഗരസഭ

കച്ചേരിത്താഴം, മൂവാറ്റുപുഴ, പിൻ:686661, പിബി നം.4, എറണാകുളം ജില്ല
ഫോൺ–0485 2835347
ഇ മെയിൽ – muvattupuzhamunicipality@gmail.com,
muvattupuzhamunicipality@yahoo.com
Website-muvattupuzhamunicipality.in

ഭരണഭാഷ – മാതൃഭാഷ

PH4-1500330 തീയതി – 14.06.2024

അസ്സി. എക്സിക്യൂട്ടീവ് എഞ്ചിനിയർക്കുള്ള കുറിപ്പ്

മൂവാറ്റുപുഴ നഗരസഭയിൽ അടിയന്തിരമായി ഷീ–ലോഡ്ജ് പ്രവർത്തനം ആരംഭിക്കുന്നതിനാൽ കെഎസ്ആർടിസി ബസ് സ്റ്റാന്റിനു സമീപം നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിൽ മതിയായ സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിനും കെട്ടിടം പരിശോധിച്ച് ആവശ്യമായ അറ്റകുറ്റ പണികൾ നടത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിലേക്ക് താൽപര്യപ്പെടുന്നു

സെക്രട്ടറി
മൂവാറ്റുപുഴ നഗരസഭ

MUNICIPAL OFFICE PIN 686...

3) 06.02.2025-ൽ അസിസ്റ്റന്റ് എഞ്ചിനിയർ നൽകിയ റിപ്പോർട്ടിൽ സെപ്റ്റിക് ടാങ്ക് നിലവിലുള്ളതായാണ് അറിയിച്ചിട്ടുള്ളത്. ഷീ ലോഡ്ജ് കെട്ടിടത്തിനാവശ്യമായ സെപ്റ്റിക് ടാങ്ക് നിലവിൽ നിർമ്മിച്ചിട്ടുള്ളതാണെന്നും മേൽപരാമർശിത കെട്ടിടം പൂർണ്ണമായും പ്രവർത്തിച്ച് തുടങ്ങിയതിന് ശേഷം മാത്രം നിലവിലുള്ള സെപ്റ്റിക് ടാങ്കിന്റെ ശേഷിയെപ്പറ്റി പരിഗണിക്കേണ്ടതുള്ളൂവെന്നും ആ സമയത്ത് ഈ സെപ്റ്റിക് ടാങ്കിന് ശേഷിക്കുറവ് അനുഭവപ്പെടുന്ന പക്ഷം അതിനോട് ചേർന്ന് പുതിയത് നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യവുമാണെന്ന് 06.02.2025-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്.

06.02

നിലവിൽ ഷീലോഡ്ജ് കെട്ടിടത്തിന്റെ പ്രവർത്തി [illegible] പ്രകാരം പൂർത്തീകരിച്ചിട്ടുള്ളതും, ആയതിന്റെ കെട്ടിടത്തിനു സെപ്റ്റിക് ടാങ്ക് നിലവിലുള്ളതും പ്രവർത്തിപ്പിക്കാത്ത അണ്. എന്നാൽ കുറേ നാളായി അടച്ച് ഇട്ടിരുന്നത് കാരണം ആവശ്യമായ വെന്റിലേഷൻ സൗകര്യം ഇല്ലാതെ ചൂട് കൂടി മുറികൾക്കുള്ളിലെ PVC ceiling [illegible] പോയിട്ടുള്ളതാണ്. [illegible] മേൽ അറിയിക്കുന്നു.

AE 6/2/25

മേൽ റിപ്പോർട്ട് പരിഗണിക്കാവുന്നതാണ്. ഷീലോഡ്ജിലെ [illegible] സീലിംഗ് [illegible] ഷീലോഡ്ജ് പ്രവർത്തനം ആരംഭിക്കാവുന്നതാണ്. ഷീലോഡ്ജ് ഉൾ[illegible] കെട്ടിടത്തിനാവശ്യമായ സെപ്റ്റിക് ടാങ്ക് നിലവിൽ നിർമ്മിച്ചിട്ടുള്ളതാണ്. ടി കെട്ടിടം പൂർണ്ണമായും പ്രവർത്തിച്ച് തുടങ്ങിയ ശേഷം മേൽ പറഞ്ഞ നിലവിലെ സെപ്റ്റിക് ടാങ്കിന്റെ ശേഷിയെ പറ്റി പരിഗണിക്കേണ്ടതുള്ളൂ. ടി സമയത്ത് ടി സെപ്റ്റിക് ടാങ്കിന് ശേഷിക്കുറവ് അനുഭവപ്പെടുന്ന പക്ഷം അതിനോട് ചേർന്ന് പുതിയത് നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യവുമാണ്. മേൽ സാഹചര്യത്തിൽ [illegible] സീലിംഗ് [illegible] ഷീലോഡ്ജിന്റെ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

6/2/25

സെപ്റ്റിക് ടാങ്ക് സംബന്ധിച്ച് ജെ.പി.എച്ച്.എൻ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ റിപ്പോർട്ടുകളിൽ വൈരുദ്ധ്യം കാണുന്നു. 3 കോമൺ ടോയ്‌ലെറ്റുകൾ ടി കെട്ടിടത്തിൽ ഉണ്ട്. ഇതിന് പര്യാപ്തമായ സെപ്റ്റിക്

ടാങ്ക് ആണോ നിലവിലുള്ളതെന്ന് വ്യക്തമല്ല. 48086/- രൂപ പ്രതിമാസ വാടകയാണ് നഗരസഭ ഷീ ലോഡ്ജ് കെട്ടിടത്തിന് നിശ്ചയിച്ച് നൽകിയത്. കൂടാതെ 6 മാസത്തെ വാടക (288516/- രൂപ) സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയും നിക്ഷേപിക്കേണ്ടതുണ്ട്. ഇത്രയും ഉയർന്ന തുകയ്ക്ക് ഷീ ലോഡ്ജ് പ്രവർത്തനം ഏറ്റെടുക്കാൻ കുടുംബശ്രീ തയ്യാറായില്ല എന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സെപ്റ്റിക് ടാങ്ക് സംബന്ധിച്ച റിപ്പോർട്ടിൽ വൈരുദ്ധ്യം കാണുന്നതിനാലും കെട്ടിടത്തിന്റെ സീലിംഗ് നശിച്ച് പോയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാലും ഷീ ലോഡ്ജ് പ്രവർത്തനസജ്ജമല്ലാത്തതിന്റെ നിജസ്ഥിതി ഭരണസമിതി അന്വേഷിച്ച് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-43 മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

ജനറൽ ആശുപത്രി സൂപ്രണ്ട് നിർവ്വഹണം നടത്തിയ സൈക്യാടിക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിന്റെ (നം. എസ്.29/25) ഭാഗമായി മൂവാറ്റുപുഴ ജനറൽ ആശുപത്രി സൈക്യാടി വിഭാഗത്തിന് മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മെയിന്റനൻസ് ഗ്രാന്റിൽ(നോൺ-റോഡ്) നിന്നും മുൻകൂറായി ₹47,156/- നൽകിയിട്ടുണ്ട് (UTR RBI0422523444208/10.02.2025). എന്നാൽ ₹29,554.00 തുകയ്ക്കുള്ള മരുന്നുകൾ മാത്രമെ നാളിതുവരെ ആശുപത്രിയിൽ ലഭിച്ചിട്ടുള്ളൂ. മുൻകൂർ നൽകിയതിൽ ₹17,602/- ന്റെ മരുന്ന് ലഭ്യമായിട്ടില്ല.
കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനുമായി കരാറിൽ ഏർപ്പെടാതെയാണ് മുൻകൂറായി പണം നൽകിയിട്ടുള്ളത് എന്ന് കാണുന്നു. മരുന്നുകൾ സമയബന്ധിതമായും പൂർണ്ണമായും ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ചും മരുന്ന് യഥാസമയം ലഭിക്കാത്തത് രോഗികളായ ഗുണഭോക്താക്കൾക്ക് ചികിത്സ നൽകുന്നതിന് തടസ്സം നേരിടുന്നുണ്ടോ എന്നത് സംബന്ധിച്ചും ഉള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/20.01.26) ശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊള്ളാമെന്നും രോഗികളായ ഗുണഭോക്താക്കൾക്ക് മരുന്ന് നൽകുന്നതിന് തടസ്സം നേരിടുന്നില്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-44 സോളാർ സിസ്റ്റം സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | S0111/25 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിയിൽ സോളാർ സിസ്റ്റം വാങ്ങൽ |
| അടങ്കൽ, ഫണ്ട് | ₹ 10,00,000/-<br>മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം |
| ചെലവ് | ₹ 10,00,000/- |
| യുടിആർ നമ്പർ, തീയതി | RB13592406137116/23.12.2024 |
| നിർവഹണ ഉദ്യോഗസ്ഥ | ഹോമിയോ മെഡിക്കൽ ഓഫീസർ |

മൂവാറ്റുപുഴ സർക്കാർ ഹോമിയോ ആശുപത്രിയിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി മേൽ സൂചിപ്പിച്ച പ്രോജക്ട് പ്രകാരം ₹10,00,000/- അനെർട്ടിന് (ജില്ലാ ഓഫീസ്, എറണാകുളം) മുൻകൂർ നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ സഹിതം ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

പ്രവൃത്തി നിർവ്വഹണം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് വിലയിരുത്തി മോണിട്ടറിംഗ് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/17.01.26) മറുപടി ലഭിച്ചില്ല. ആയതിനാൽ, പ്രവൃത്തി പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വിധേയമായി ചെലവ് തുക ₹10,00,000/- ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-45 പെൻഷൻ വിതരണ വിവരങ്ങൾ

മൂവാറ്റുപുഴ നഗരസഭയിൽ നിന്നും നിലവിൽ 48 റഗുലർ പെൻഷണർമാർക്കും 59 കണ്ടിജന്റ് പെൻഷണർമാർക്കുമാണ് പെൻഷൻ വിതരണം നടത്തുന്നത്. 01.07.2019 ന് മുമ്പ് വിരമിച്ച റഗുലർ വിഭാഗം പെൻഷണർമാരുടെ പെൻഷൻ സ.ഉ.(അ)30/2021/ധന/12.02.2021, സ.ഉ.(അ) 35/2021/ധന /23.02.2021 എന്നീ ഉത്തരവുകൾ പ്രകാരവും

കണ്ടിജന്റ് വിഭാഗം പെൻഷണർമാരുടെ പെൻഷൻ സ.ഉ.(അ)168/2021/ധന/08.12.2021 ഉത്തരവ് പ്രകാരവും, 01.07.2019 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ച് പെൻഷൻ ബുക്കുകളിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പെൻഷൻ വിതരണം സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

റഗുലർ പെൻഷൻ

A) റഗുലർ പെൻഷണർമാരുടെ എണ്ണം

| | | സർവ്വീസ് പെൻഷൻ | കുടുംബ പെൻഷൻ | എക്സ്ഗ്രേഷ്യ പെൻഷൻ | എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ | ആകെ |
|---|---|---|---|---|---|---|
| | | *A* | *B* | *C* | *D* | *E* *(A+B+C+D)* |
| A. | വർഷാരംഭത്തിൽ ഉണ്ടായിരുന്നവർ | 38 | 11 | - | - | 49 |
| B. | തൻവർഷം പെൻഷൻ അനുവദിക്കപ്പെട്ടവർ | 0 | 2 | - | - | 2 |
| C. | തൻവർഷം മരണപ്പെട്ടവർ / ഒഴിവാക്കപ്പെട്ടവർ | 2 | 1 | - | - | 3 |
| D. | വർഷാവസാനം ഉള്ള പെൻഷണർമാർ (A+B) - (C) | 36 | 12 | - | - | 48 |

B) പെൻഷൻ വിതരണ വിവരം : ഓഡിറ്റ് വർഷം റഗുലർ പെൻഷൻ ഇനത്തിൽ ചുവടെ ചേർക്കുന്നത് പ്രകാരം 10756855 /-രൂപ വിതരണം ചെയ്തിട്ടുണ്ട്.

| മാസം | വൗച്ചർ നം./ ചെക്ക് നം. | സർവ്വീസ് പെൻഷൻ | കുടുംബ പെൻഷൻ | എക്സ്ഗ്രേഷ്യ പെൻഷൻ | എക്സ് ഗ്രേഷ്യാ കുടുംബപെൻഷൻ | ആകെ | ബാങ്ക് അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ച തീയതി |
|---|---|---|---|---|---|---|---|
| 04/2024 | 964605 | 724226 | 187864 | - | - | 912090 | 3.04.2024 |
| 05/2024 | 981577 | 724226 | 187864 | - | - | 912090 | 3.05.2024 |
| 06/2024 | 021440 | 724226 | 187864 | - | - | 912090 | 1.06.2024 |
| 07/2024 | 061933 | 724226 | 187864 | - | - | 912090 | 01.07.2024 |
| 08/2024 | 092314 | 724226 | 187864 | - | - | 912090 | 1.8.2024 |
| 09/2024 | 125666 | 702343 | 187863 | - | - | 890206 | 02.09.2024 |
| 10/2024 | 156731 | 702343 | 187863 | - | - | 890206 | 01.10.2024 |
| 11/2024 | 177468 | 723098 | 193033 | - | - | 916131 | 1.11.2024 |
| 12/2024 | 207357 | 723098 | 193033 | - | - | 916131 | 02.12.2024 |
| 01/2025 | 221692 | 663882 | 153239 | - | - | 817121 | 04.01.2025 |
| 02/2025 | 277120 | 690272 | 193033 | - | - | 883305 | 03.02.2025 |
| 03/2025 | 298931 | 690272 | 193033 | - | - | 883305 | 01.3.2025 |
| ആകെ | | 8516438 | 2240417 | - | - | 10756855 | |

C) പെൻഷൻ വിതരണത്തിലെ അപാകതകൾ

ജീവനക്കാരുടെ പെൻഷൻ ഫണ്ട് സൂക്ഷിക്കുന്നതിനായി നഗരസഭയിൽ പ്രത്യേക അക്കൗണ്ട് സൂക്ഷിക്കുന്നില്ല. നിലവിൽ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിന്നുമാണ് (നം. 00000057021214756 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മൂവാറ്റുപുഴ ശാഖ) പെൻഷൻ വിതരണത്തിനായി തുക ചെലവഴിക്കുന്നത്. റഗുലർ പെൻഷൻ വിതരണത്തിനായി

തയ്യാറാക്കുന്ന ചെക്കിൽ കണ്ടിജന്റ് പെൻഷൻ, ജീവനക്കാരുടെ ശമ്പളം എന്നിവ ഉൾപ്പെടെയുടെയുള്ള ചെലവ് തുകകളും കൂടി ഉൾപ്പെടുത്തിയാണ് തുക മാറുന്നത്. പെൻഷൻ വിതരണത്തിനായി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിച്ച് അതിലേക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കുന്ന തുകകളും ആയത് ലഭിക്കാത്ത സാഹചര്യത്തിൽ തനത് ഫണ്ടിൽ നിന്നുള്ള തുകയും നിക്ഷേപിച്ച് ഈ അക്കൗണ്ടിൽ നിന്ന് മാത്രം പെൻഷനും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നത് ഉചിതമായിരിക്കും.

കണ്ടിജന്റ് പെൻഷൻ

D) കണ്ടിജന്റ് പെൻഷണർമാരുടെ എണ്ണം

| | | പെൻഷൻ | കുടുംബ പെൻഷൻ | എക്സ്ഗ്രേഷ്യ പെൻഷൻ | എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ | ആകെ |
|---|---|---|---|---|---|---|
| | | *A* | *B* | *C* | *D* | *E (A+B+C+D)* |
| A. | വർഷാരംഭത്തിൽ ഉണ്ടായിരുന്നവർ | 38 | 11 | - | - | 49 |
| B. | തൻവർഷം പെൻഷൻ അനുവദിക്കപ്പെട്ടവർ | 0 | 2 | - | - | 2 |
| C. | തൻവർഷം മരണപ്പെട്ടവർ / ഒഴിവാക്കപ്പെട്ടവർ | 2 | 1 | - | - | 3 |
| D. | വർഷാവസാനം ഉള്ള പെൻഷണർമാർ (A+B) - (C) | 36 | 12 | - | - | 48 |

E) പെൻഷൻ വിതരണ വിവരം : ഓഡിറ്റ് വർഷം കണ്ടിജന്റ് പെൻഷൻ ഇനത്തിൽ താഴെ ചേർക്കും പ്രകാരം 11720219 /-രൂപ വിതരണം ചെയ്തിട്ടുണ്ട്.

| മാസം | വൗച്ചർ നം./ ചെക്ക് നം. | പെൻഷൻ | കുടുംബ പെൻഷൻ | എക്സ്ഗ്രേഷ്യ പെൻഷൻ | എക്സ്ഗ്രേഷ്യാ കുടുംബപെൻഷൻ | ആകെ | ബാങ്ക് അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ച തീയതി |
|---|---|---|---|---|---|---|---|
| 04/2024 | 964605 | 618084 | 183831 | 20400 | 699 | 823014 | 03.04.2024 |
| 05/2024 | 981577 | 618084 | 183831 | 20400 | 699 | 823014 | 03.05.2024 |
| 06/2024 | 021440 | 618084 | 183831 | 20400- | 699 | 823014 | 01.06.2024 |
| 07/2024 | 061933 | 643154 | 183831 | 20400 | 699 | 848084 | 01.07.2024 |
| 08/2024 | 092314 | 633954 | 183831 | 20400 | 699 | 838884 | 01.08.2024 |
| 09/2024 | 125666 | 633954 | 183831 | 20400 | 699 | 838884 | 02.09.2024 |
| 10/2024 | 156731 | 641889 | 183831 | 20400 | 699 | 846819 | 01.10.2024 |
| 11/2024 | 177468 | 664504 | 188808 | 21400 | 732 | 875444 | 01.11.2024 |
| 12/2024 | 207357 | 664504 | 188808 | 21400 | 732 | 875444 | 02.12.2024 |
| 01/2025 | 221692 | 649677 | 174032 | 21400 | 0 | 845109 | 04.01.2025 |
| 02/2025 | 277120 | 674234 | 179890 | 21400 | 732 | 876256 | 04.02.2025 |
| 03/2025 | 298931 | 674234 | 179890 | 21400 | 732 | 876256 | 03.05.2025 |
| ആകെ | | 7734356 | 2198245 | 249800 | 7821 | 10190222 | |

F) പെൻഷൻ വിതരണത്തിലെ അപാകതകൾ

ജീവനക്കാരുടെ പെൻഷൻ ഫണ്ട് സൂക്ഷിക്കുന്നതിനായി നഗരസഭയിൽ പ്രത്യേക അക്കൗണ്ട് സൂക്ഷിക്കുന്നില്ല. നിലവിൽ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിന്നുമാണ് (നം. 00000057021214756 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മൂവാറ്റുപുഴ ശാഖ ) പെൻഷൻ വിതരണത്തിനായി തുക ചെലവഴിക്കുന്നത്. റഗുലർ പെൻഷൻ വിതരണത്തിനായി തയ്യാറാക്കുന്ന ചെക്കിൽ കണ്ടിജന്റ് പെൻഷൻ, ജീവനക്കാരുടെ ശമ്പളം എന്നിവ ഉൾപ്പെടെയുടെയുള്ള ചെലവ് തുകകളും കൂടി ഉൾപ്പെടുത്തിയാണ് തുക മാറുന്നത്. പെൻഷൻ വിതരണത്തിനായി പ്രത്യേക ബാങ്ക് അക്കൌണ്ട് ആരംഭിച്ച് അതിലേക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കുന്ന തുകകളും ആയത് ലഭിക്കാത്ത സാഹചര്യത്തിൽ തനത് ഫണ്ടിൽ നിന്നുള്ള തുകയും നിക്ഷേപിച്ച് ഈ അക്കൗണ്ടിൽ നിന്ന് മാത്രം പെൻഷനും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നത് ഉചിതമായിരിക്കും.

G) <u>പെൻഷൻ കോൺട്രിബ്യൂഷൻ തുകയുടെ വിവരം</u>

സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയുള്ള ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക കണക്കാക്കി അർബൻ അഫയേഴ്സ് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ല ട്രഷറിയിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ 799011400007305 ൽ ചുവടെ ചേർക്കുന്നതു പ്രകാരം അടവാക്കിയിട്ടുണ്ട്.

| മാസം | അടവാക്കേണ്ട തുക | അടവാക്കിയ തുക | ചെക്ക് നം./ തീയതി | പണം അക്കൗണ്ടിൽ നിന്നും പിൻവലിച്ച തീയതി | അടവാക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 09/24 | 270372 | 264066 | 16037/ 18.12.2024 | 14.02.25 | 6306/- |
| 10/24 | 285607 | 279141 | 16037/18.12.2024 | 14.2.25 | 6466/- |
| 11/24 | 285842 | 279376 | 16037/18.12.2024 | 14.2.25 | 6466/- |
| 12/24 | 255549 | 249083 | 05825933/ 11.02.25 | 14.2.25 | 6466/- |
| 01/25 | 245032 | 238566 | 6458/13.03.2025 | 22.4.25 | 6466/- |
| 02/25 | 229633 | 223167 | 05825937/23.03.2025 | 21.3.25 | 6466/- |
| 03/25 | 217974 | 198799 | 05888943/14.05.2025 | 9.5.25 | 12709+6466 =19175/- |
| ആകെ | 1790009 | 1732198 | | | |

*ശ്രീ കെ.സി.ബേബി, ക്ലർക്കിന്റെ പെൻഷൻ സംബന്ധിച്ച് കോടതിയിൽ കേസ് നടക്കുന്നതിനാൽ ശമ്പളത്തിൽ നിന്ന് തുക കുറവ് ചെയ്തെങ്കിലും ഒടുക്കിയിട്ടില്ല. ശ്രീമതി ജിഷ എം.ബി-യുടെ പെൻഷൻ കോൺട്രിബ്യൂഷൻ 12709/-രൂപ 01/2025, 02/2025 മാസങ്ങളിൽ തെറ്റായി നഗരസഭാ ഡയറക്ടറുടെ അക്കൗണ്ടിൽ അടവാക്കിയത് ക്രമീകരിക്കേണ്ടതിനാൽ 03/2025-ൽ ₹12709/- പെൻഷൻ കോൺട്രിബ്യൂഷൻ തുകയിൽ നിന്ന് കുറവ് ചെയ്ത് ക്രമീകരിച്ചു.

07/2021 മുതൽ 03/2022 വരെയുള്ള പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക ₹2349440/- 16.05.2025 തീയതിയിലും 2022-23 വർഷത്തെ കുടിശ്ശിക ₹3033241/- 18.06.2025 തീയതിയിലും ഒടുക്കിയിട്ടുണ്ട്.

<u>പഞ്ചായത്തിൽ നിന്ന് നഗരസഭയിലേക്ക് സ്ഥലം മാറി വന്ന ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ വിവരം</u>

| മാസം | അടവാക്കേണ്ട തുക | അടവാക്കിയ തുക | അടവാക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 01/25 | 6408 | 0 | 6408 |
| 02/25 | 6301 | 0 | 6301 |
| 03/2025 | 6610 | 0 | 6610 |
| 04/2025 | 6790 | | 6790 (2025-26 സാമ്പത്തിക വർഷം) |
| ആകെ | 26109/- | | 26109/- ഈ തുക 15.05.2025-ൽ അടവാക്കിയിട്ടുണ്ട്. |

H) സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച തുകയുടെ വിവരം

| മാസം | തുക | ഉത്തരവ് നം. / | മുതൽക്കൂട്ടിയ |
|---|---|---|---|

| | | ചെക്ക് നം. | ബാങ്ക് അക്കൗണ്ട് നം. |
|---|---|---|---|
| 04.06.2025 | 4211731/- | LSGD/PD/6844/2023 PEN A7 DTD 31.05.2025 | എസ്.ബി.ഐ തനത് ഫണ്ട് അക്കൗണ്ട് |
| 17.07.2025 | 4211731/- | LSGD/PD/6844/2023 PEN A7 DTD 03.07.2025 | എസ്.ബി.ഐ തനത് ഫണ്ട് അക്കൗണ്ട് |

I) കമ്മ്യൂട്ടേഷൻ, ഡി .സി.ആർ.ജി. വിതരണവിവരം

തൻവർഷം നഗരസഭയിൽ പെൻഷൻ അനുവദിച്ചവർക്ക് ചുവടെ ചേർക്കുന്നത് പ്രകാരം 13,37,458 /- രൂപ ഈയിനത്തിൽ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.

ഡി.സി.ആർ.ജി

| പേര് | തുക | വൗച്ചർ നം./തീയതി | ബാങ്ക് അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ച തീയതി |
|---|---|---|---|
| കെ കെ ഗോപാലൻ | 687475 | 29- 04/2024 | 16.04.2024 |
| ലീല ചാക്കോ | 675384 | 83- 05/2024 | 15.05.2024 |
| സാവിത്രി ഇ എ | 117598 | 83-06/2024 | 27.06.2024 |
| സാവിത്രി ഇ എ | 110954 | 58-07/2024 | 09.07.2024 |
| ഗോമതി എം എ | 313103 | 106-11/24 | 29.11.2024 |
| ആകെ | 1904514 | | |

കമ്മ്യൂട്ടേഷൻ

| | | | |
|---|---|---|---|
| കെ കെ മോഹനൻ. | 541512 | 124-07/2024 | 24.07.2024 |
| എം എം മീരാൻ | 541512 | 123-07/24 | 24.07.2024 |
| ഗോമതി എം എ | 541512 | 103-09/24 | 10.09.2024 |
| ആകെ | 1624536/- | | |

1-46 കോടതി നിർദ്ദേശങ്ങൾ യഥാസമയം പാലിക്കുന്നില്ല

മൂവാറ്റുപുഴ നഗരസഭയിൽ 7/3/2000 ൽ നടത്തിയ പൊതുലേലത്തിൽ 2000-01 സാമ്പത്തികവർഷം മൂവാറ്റുപുഴയിലെ മണൽക്കടവിൽ നിന്നും മണൽ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള ലൈസൻസ് 31,01,000/-രൂപയ്ക്ക് ശ്രീ. എ എം അബ്ദുൾ ഖാദർ, ആക്കോത്ത് എന്നയാൾ ലേലത്തിൽ എടുത്തിരുന്നതും ലേലത്തുക പൂർണ്ണമായും അടവാക്കിയിരുന്നതുമാണ്. ബഹു.ഹൈക്കോടതിയിൽ നിന്നും 22.12.2000 ലെ ഒപി.355A/2000 നമ്പർ വിധിന്യായത്തിൽ മണൽ വാരുന്നതിനുള്ള സ്റ്റേ വന്നതും മണൽ വാരുന്നത് നോട്ടീസ് പ്രകാരം നിർത്തിവച്ചിട്ടുള്ളതുമാണ്. ലൈസൻസ് കാലാവധിക്കുള്ളിൽ മണൽ വാരുവാൻ സാധിക്കാതിരുന്നതുമൂലം ശ്രീ. എ എം അബ്ദുൾ ഖാദർ 15ലക്ഷം രൂപ കിസ്തിളവും 5 ലക്ഷം രൂപ നഷ്ടപരിഹാരവും ആവശ്യപ്പെട്ട് മൂവാറ്റുപുഴ നഗരസഭയ്ക്ക് അപേക്ഷ നല്കുകയും ആയതിൽ തീരുമാനം ആകാതിരുന്ന സാഹചര്യത്തിൽ ശ്രീ. എ എം അബ്ദുൾ ഖാദർ ബഹു.ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും (Wp(c)28936/03), ആയതിനാൽ 4.9.2003 ൽ വിധി വരികയും ചെയ്തു. വിധിപകർപ്പ് ലഭിച്ച് 2 മാസത്തിനകം നഗരസഭ പരാതിക്കാരന്റെ ആവലാതികൾക്ക് ഉചിതനടപടി സ്വീകരിക്കുന്നതിനാണ് കോടതി നിർദ്ദേശിച്ചത്. റിട്ട് പെറ്റീഷൻ വിധിന്യായം സമയപരിധിക്കകം നടപ്പിലാകാതിരുന്ന സാഹചര്യത്തിൽ ശ്രീ. എ എം അബ്ദുൾ ഖാദർ, കോടതി അലക്ഷ്യ ഹർജി ഫയൽ ചെയ്യുകയും 23.6.2005 ൽ ആയത് ഹൈക്കോടതി വിചാരണയ്ക്ക് വയ്ക്കുകയും ചെയ്തു. നഗരസഭയ്ക്ക് കൗൺസിൽ തീരുമാനം ബഹു.ഹൈക്കോടതിയെ ബോധിപ്പിക്കേണ്ട അടിയന്തിര സാഹചര്യം കണക്കിലെടുത്ത് അർഹമായ നഷ്ടപരിഹാരം അനുവദിക്കുന്നതിന് 20.06.2005ൽ കൗൺസിൽ കൂടി തീരുമാനം എടുത്തിരുന്നു. എന്നാൽ ആയതിനും നടപടി സ്വീകരിച്ചതായി കാണുന്നില്ല. തുക അനുവദിക്കാത്തതിനാൽ ശ്രീ. എ എം അബ്ദുൾ ഖാദർ, ബഹു.ഓംബുഡ്സ്മാൻ മുൻപാകെ പരാതി സമർപ്പിക്കുകയും 17.11.2013 ൽ അർഹതപ്പെട്ട സംഖ്യ കൊടുക്കുന്നതിന് ബഹു.ഓംബുഡ്സ്മാൻ ഉത്തരവാകുകയും ചെയ്തു. എന്നാൽ 24.10.24ൽ മാത്രമാണ് തുക

8,41,093/-രൂപ പ്രസ്തുത വ്യക്തിക്ക് അനുവദിച്ചത്. അർഹമായ പലിശ ലഭിക്കുന്നതിന് ശ്രീ. എ. എം. അബ്ദുൾ ഖാദർ ബഹു.ഹൈക്കോടതി മുൻപാകെ വീണ്ടും കേസ് ഫയൽ ചെയ്തിരിക്കുകയാണ്. കോടതി നിർദ്ദേശങ്ങൾ യഥാസമയം പാലിക്കാത്തതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് 24.10.24ൽ തുക അനുവദിച്ചു എന്നു മാത്രമാണ് മറുപടി ലഭ്യമാക്കിയത്. കോടതി നിർദ്ദേശങ്ങൾ യഥാസമയം പാലിക്കാത്തതു കോടതി അലക്ഷ്യങ്ങൾക്കും വർദ്ധിച്ച കേസ്ചെലവുകൾക്കും കാരണമാകുന്നുണ്ട്. ആയതിനാൽ കോടതി നിർദ്ദേശങ്ങൾ യഥാസമയം പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ആയത് കൃത്യമായി നിരീക്ഷിക്കേണ്ടതുമാണ്.

## 1-47 വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമല്ല.

മൂവാറ്റുപുഴ നഗരസഭയുടെ ഉടമസ്ഥതയിൽ എത്ര വാഹനങ്ങൾ നിലവിൽ ഉണ്ടെന്നുള്ള വിവരവും ആയവയുടെ ഇൻഷ്വറൻസ്, ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് എന്നിവയുടെ വിവരവും വാഹനങ്ങൾ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന്റെ വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 24.1.2026 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.48 ന് മറുപടി ലഭിച്ചില്ല. എന്നാൽ ലോഗ് ബുക്ക് പരിശോധിച്ചതിൽ നിന്നും നഗരസഭയുടെ വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമല്ല എന്നു വ്യക്തമാകുന്നു. വാഹനങ്ങൾ ആസ്തി രജിസ്റ്ററിൽ കൃത്യമായി ഉൾപ്പെടുത്തുന്നുണ്ടോ എന്നും വ്യക്തമല്ല. വാഹനങ്ങളുടെ ഇൻഷ്വറൻസ് സ്വകാര്യഏജൻസികളിൽ നിന്നും എടുക്കുന്നതിനെ മുൻ റിപ്പോർട്ടിലും പരാമർശിച്ചിരുന്നതാണ്. എന്നാൽ ആയത് നിലവിലും തുടരുന്നതായി കാണുന്നു. വാഹനങ്ങൾക്ക് കൃത്യമായി ഫ്യുവൽ ടെസ്റ്റ് നടത്തുന്നില്ല. ഇന്ധനവിനിയോഗം കൃത്യമായി നിരീക്ഷിക്കുന്നില്ല. യഥാസമയം പുകപരിശോധന നടത്തി റിപ്പോർട്ട് സൂക്ഷിക്കുന്നില്ല. മൂവാറ്റുപുഴ നഗരസഭയുടെ അധീനതയിൽ ഉള്ള വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമാക്കുന്നതിലേക്ക് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വാഹനങ്ങൾക്ക് കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും ഇൻഷുറൻസ് എടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-48 അമൃത് പദ്ധതി - അവലോകനം

അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ- 'അമൃത് 2.0' പ്രൊജക്ടിൽ 2.87 ലക്ഷം കോടി രൂപ വകയിരുത്തി മൂവാറ്റുപുഴ നഗരസഭയിൽ ജലവിതരണം, മലിനജല സംസ്കരണം, ജലസ്രോതസ്സുകളുടെ നവീകരണം എന്നിവയാണ് ലക്ഷ്യം വച്ചിട്ടുള്ളത്. 2023-24 മുതൽ 2025-26 വരെ മൂവാറ്റുപുഴ നഗരസഭയിൽ 8.14 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. തൻവർഷം 848 എണ്ണം കുടിവെള്ള കണക്ഷനുകൾ നൽകിയതിന് വാട്ടർ അതോറിട്ടിക്ക് ₹7,78,20,441/- കൈമാറിയിട്ടുണ്ട്.

'അമൃത് 2.0 പദ്ധതി നിർവ്വഹണത്തിനും, മേൽനോട്ടം വഹിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും തീരുമാനം കൈകൊള്ളുന്നതിനുമായി കോർ കമ്മിറ്റി രൂപീകരിക്കുകയും 5.12.2023, 22.05.2024, 03.06.2024, 11.09.2024 ,08.10.2024, 08.10.2025, 29.10.2025 എന്നീ തീയതികളിൽ യോഗം ചേരുകയും ചെയ്തിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | ആവിഷ്കരിച്ച പദ്ധതികൾ | പദ്ധതിയിൽ വകയിരുത്തിയ തുക | ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 2023-24 | റെജുവനേഷൻ ഓഫ് വെൽ- വാർഡ് 17 | 100000 | 78538 | 2024-25 ൽ പൂർത്തീകരിച്ചു |
| 2 | 2023-24 | റെജുവനേഷൻ ഓഫ് വെൽ- വാർഡ് 24 | 100000 | 81977 | 2024-25 ൽ പൂർത്തീകരിച്ചു |
| 3 | 2023-24 | റെജുവനേഷൻ ഓഫ് വെൽ- വാർഡ് 25 | 100000 | 61735 | 2024-25 ൽ പൂർത്തീകരിച്ചു |
| 4 | 2023-24 | റെജുവനേഷൻ ഓഫ് അമ്പാട്ടുകുളം- വാർഡ് 20 | 3290871 | 3290871 | 2025-26 ൽ പൂർത്തീകരിച്ചു |
| | 2023-24 | Providing FHTC In Muvattupuzha Municipality | 77820441 | 77820441 | 2025-26 ൽ പൂർത്തീകരിച്ചു |
| 6 | 2023-24 | റെജുവനേഷൻ ഓഫ് മാരാടികുളം- വാർഡ് 20 | ഇല്ല | ഇല്ല | പ്രവൃത്തി നടന്നുവരുന്നു |

| | | | | | |
|---|---|---|---|---|---|
| 7 | 2023-24 | റെജുവനേഷൻ ഓഫ് മനയ്ക്കക്കുടികുളം - വാർഡ് 26 | ഇല്ല | ഇല്ല | നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല |

മേൽ പട്ടികയിലെ മാറാടികുളം പുനരുദ്ധാരണം എന്ന പ്രവൃത്തി ഒഴിച്ച് ബാക്കി പ്രവൃത്തികൾ 2024-25 ൽ, പൂർത്തീകരിച്ചിട്ടുള്ളതാണ്.

അമൃത് മിഷൻ ഡയറക്ടർ, വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, മൂവാറ്റുപുഴ നഗരസഭാ സെക്രട്ടറി എന്നിവർ 25.08.2023-ന് ത്രികക്ഷി കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. മൂന്ന് കക്ഷികളുടെയും ഉത്തരവാദിത്തങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിത്തങ്ങളിൽ 24 മണിക്കൂറും ജലവിതരണം ഉറപ്പുവരുത്തണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ പാലിച്ചിട്ടുണ്ടോ എന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയ വീടുകൾ സന്ദർശിച്ച് ആയത് ഉറപ്പുവരുത്തേണ്ടതാണ്. തുടർന്ന് വരുന്ന പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യം പൂർത്തീകരിക്കുന്നതിന് കരാർ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-49 ഹെൽത്ത് ഗ്രാന്റ്

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേഖലയിലേക്ക് പ്രധാനമായും 2 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ രണ്ട് സ്കീമുകളിലായിട്ടാണ് മൂവാറ്റുപുഴ നഗരസഭയ്ക്ക് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. നഗരസഭയ്ക്ക് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം.

| ക്രമ നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പി.എച്ച്.സി. ഫെസിലിറ്റീസ് ഇൻ അർബൻ PHCs | - | - | 2695000+ Int: *₹10965* *2705965* | Int: *₹19557* |
| 2 | അർബൻ ഹെൽത്ത് & വെൽനെസ് സെന്റേഴ്സ് (HWCs) | - | ₹8200000 *Int*₹156362 ₹8356362 | ₹7105000 *Int* ₹273281 ₹7378281 | ₹2228000 +Int:113753 ₹ 2341753 |

*കുറിപ്പ്* : 2021-22 ലെ ഗ്രാന്റ് 2022-23 ലും 2022-23 ലേത് 2023-24 ലും 2023-24 ലേത് 2024-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.

2.നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.

| ക്രമ. നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പി.എച്ച്.സി. ഫെസിലിറ്റീസ് ഇൻ അർബൻ PHCs | - | - | ₹2409294 | ₹ 143216 |
| 2 | അർബൻ ഹെൽത്ത് & വെൽനെസ് സെന്റേഴ്സ് (HWCs) | - | *2689722* | ₹9192451 | ₹3545436* |

നോട്ട്:

* 2024-25 സാമ്പത്തിക വർഷത്തെ അർബൻ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങളുടെ ചെലവിനത്തിൽ UHWC ജീവനക്കാരുടെ വേതനം നൽകുന്നതിന് 14,55,698/- രൂപ പ്രോജക്ട് ആവിഷ്കരിക്കാതെ PFMS ആയി ചെലവഴിച്ച തുകയുൾപ്പെടുന്നു.

3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം.

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 2022-23 | 208/23 | കുര്യൻമലയിൽ അർബൻ ഹെൽത്ത് &വെൽനസ് സെന്റർ- കെട്ടിടം അറ്റകുറ്റപ്പണി | 2500000 | 1054529 |
| 2022-23 | 209/23 | മണിയംകുളത്ത് അർബൻ ഹെൽത്ത് &വെൽനസ് സെന്റർ- കെട്ടിടം അറ്റകുറ്റപ്പണി | 2500000 | 579714 |
| 2023-24 | 222/24 | കുര്യൻമലയിൽ അർബൻ ഹെൽത്ത് &വെൽനസ് സെന്റർ- കെട്ടിടം അറ്റകുറ്റപ്പണി | 1300000 | 1296092 |
| 2023-24 | 223/24 | മണിയംകുളത്ത് അർബൻ ഹെൽത്ത് &വെൽനസ് സെന്റർ- കെട്ടിടം അറ്റകുറ്റപ്പണി | 500000 | 427168 |
| 2023-24 | 247/24 | ജനറൽ ആശുപത്രിയിൽ 360 ഡിഗ്രി എൻ സി ഡി കെയർ സെന്റർ | 1442000 | 434004 |
| 2024-25 | 255/25 | ജനറൽ ആശുപത്രിയിൽ 360 ഡിഗ്രിഎൻ സി ഡി കെയർ സെന്റർ | 1007996 | 648992 |
| 2024-25 | 210/25 | അർബൻ ഹെൽത്ത് & വെൽനസ് സെന്റർ ആവർത്തന ചെലവ് | 100000 | 64545 |
| 2024-25 | 254/25 | അർബൻ ഹെൽത്ത് & വെൽനസ് സെന്ററിന്റെ ബ്രാണ്ടിംഗ് | 20000 | 19200 |

4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)

| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പി.എച്ച്.സി. ഫെസിലിറ്റീസ് ഇൻ അർബൻ PHCs (3201002) Union Bank Of India A/C No. 337702010029620 | അർബൻ ഹെൽത്ത് & വെൽനെസ് സെന്റേഴ്സ് (HWCs) (3201001) Union Bank Of India A/C No.337702010029619 |
|---|---|---|
| മുന്നിരുപ്പ് | ₹296671 | ₹3833969 |
| വരവ് (പലിശ ഉൾപ്പെടെ) | ₹19557 | ₹2228000+ 113753* ₹2341753 |
| ആകെ | ₹316228 | 6175722 |

| | | |
|---|---|---|
| ചെലവ് | ₹143216 | ₹3545436 |
| നീക്കിയിരുപ്പ് | ₹173012 | ₹2630286 |

* പലിശ വരവിലെ വ്യത്യാസം വാർഷിക കണക്കിലെ അപാകതയായി ചേർത്തിട്ടുണ്ട്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

A) തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 05.04.2023ലെ (അച്ചടി) 26/2023 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൂവാറ്റുപുഴ നഗരസഭ 23.08.2023ലെ ഭരണസമിതി യോഗത്തിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം 100 ച. മീറ്റർ മുതൽ 500 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 100/- രൂപയായി വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ, 2024-25 രണ്ടാം അർദ്ധവർഷത്തിൽ വസ്തുനികുതി നിർണ്ണയിച്ച 115 ച.മീറ്റർ തറവിസ്തൃതിയുള്ള 8/31A5 കെട്ടിടത്തിന് ചതുരശ്ര മീറ്ററിന് 80/- രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്. കുറഞ്ഞനിരക്കിൽ നികുതി നിർണ്ണയിച്ചത് മൂലം കുറവ് വന്ന തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിടത്തിന്റെ വിസ്തൃതി (ച.മീറ്റർ) | 115 |
| നികുതി നിരക്ക്/ചതുരശ്ര മീറ്റർ | 100 |
| അടിസ്ഥാന വസ്തുനികുതി | 11,500 |
| ഇളവ് | - |
